
യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 1 | ജനുവരി 2017 | വില 10 രൂപ



## ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം

സാക്പുന്നൻ

## ധ്യാനചിന്തകൾ: പുതുവർഷം നൽകുന്ന സന്ദേശം

## THOUGHT FOR THE MONTH

SANTOSH POONEN

JEEVAMOZHIKAL
# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 15 ജനുവരി 2017 ലക്കം 1

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി. അയയ്ക്കേണ്ട വിലാസം

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9946509900 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്കിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

## സ്വന്തഹിതം ത്യജിക്കുക



യഥാർത്ഥ ആത്മീയത എന്നു പറയുന്നത് സ്വന്ത ഹിതം ത്യജിക്കുന്നതും ദൈവഹിതം ചെയ്യുന്നതുമാണെന്നുള്ള കാര്യം നാം ഒരിക്കലും മറക്കരുത്. നമ്മുടെ നിത്യമായ സന്തോഷത്തിനുള്ള ഏറ്റവും വലിയ തടസ്സം സ്വന്തഹിതമായതുകൊണ്ട് അതിനെ താലോലിക്കുന്ന ഏതൊരു ചെറിയ കാര്യത്തേയും അവഗണിക്കുവാൻ പാടില്ല. സ്വന്തഹിതത്തെ ത്യജിക്കുന്ന ഓരോ ചെറിയ അവസരവും നിത്യമായ ലാഭമുള്ള കാര്യമാണ്. സ്വർഗ്ഗവും നരകവും ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്.

-സൂസന്ന വെസ്ലി

## പ്രാർത്ഥനാവിഷയങ്ങൾ




സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചു... **സകല വിശുദ്ധന്മാർക്കും വേണ്ടി...** പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ. (എഫെസ്യർ 6:18)

*എഡിറ്റോറിയൽ*



# സ്നേഹത്തിന്റെ രണ്ടു വശങ്ങൾ

**യോ**ഹന്നാൻ അപ്പൊസ്തലനെക്കുറിച്ചു പ്രചാരത്തിലുള്ള ഒരു കഥയുണ്ട്. യേശുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചിരുന്നതു യോഹന്നാനാണല്ലോ. എ. ഡി. 90 അടുത്താണു യോഹന്നാൻ തന്റെ സുവിശേഷം രചിക്കുന്നത്. പത്മോസിൽ നിന്നു മടങ്ങി വന്നു എ. ഡി. 95 ഓടെ ലേഖനങ്ങളും എഴുതി. ഇതിനകം യേശുവിനോടൊപ്പം നടന്ന മറ്റു ശിഷ്യന്മാരെല്ലാം രക്തസാക്ഷികളായി മാറിയിരുന്നു. യേശുവിനെ നേരിൽ കണ്ടിരുന്ന, പ്രസംഗങ്ങൾ കേട്ടിരുന്ന ഒരു തലമുറയും ഏറെക്കുറെ കടന്നുപോയി. അതുകൊണ്ട് യേശുവിന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരിൽ അവശേഷിക്കുന്ന ഒരേയൊരാൾ എന്ന നിലയിൽ ഒന്നാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ വിശ്വാസികളുടെ ഇടയിൽ യോഹന്നാൻ അപ്പൊസ്തലൻ ഏറെ ആദരിക്കപ്പെട്ടിരുന്നു. അപ്പോഴേക്കും അദ്ദേഹവും തൊണ്ണൂറിൽ പരം വയസ്സോടെ നല്ല വാർധക്യത്തിലെത്തിയിരുന്നു. ഓർമ്മ കുറഞ്ഞു. നടക്കാൻ പ്രയാസം. സംസാരിക്കാൻ വിഷമം.

എങ്കിലും വിശ്വാസികൾ അദ്ദേഹത്തെ കസേരയിലിരുത്തി എടുത്തുകൊണ്ട് മീറ്റിംഗ് സ്ഥലങ്ങളിലെത്തിക്കും. യോഗത്തിനിടയ്ക്ക് ജനം യോഹന്നാനോടു ചോദിക്കും. 'യേശു പറഞ്ഞതെല്ലാം നെഞ്ചോടു ചേർന്നിരുന്ന് അങ്ങു കേട്ടതാണല്ലോ. ആട്ടെ, യേശു കർത്താവു പറഞ്ഞതെന്തെങ്കിലും രണ്ടു വാക്കു ഞങ്ങളോടു പറയൂ".

യോഹന്നാന്റെ മറുപടി ഇങ്ങനെ: "സ്നേഹം, സ്നേഹം".

ജനം : "ഇതു ഞങ്ങൾ കേട്ടിട്ടുണ്ട്. മറ്റെന്താപറഞ്ഞത്? വേറെന്തെങ്കിലും കേട്ടത് ആലോചിച്ചു പറഞ്ഞാട്ടെ".

യോഹന്നാൻ ആലോചിക്കും. പിന്നെ ഏറെ കഷ്ടപ്പെട്ടു വീണ്ടും രണ്ടു വാക്കുകൾ പറയും. പക്ഷേ അതും "സ്നേഹം, സ്നേഹം" എന്നു തന്നെ. എത്ര ശ്രമിച്ചാലും യോഹന്നാനെകൊണ്ട് മറ്റൊന്നും പറയിപ്പിക്കാൻ കഴിയുമായിരുന്നില്ല.

ഈ കഥ നാം മനസ്സിലാക്കിയിട്ടുള്ള യാഥാർത്ഥ്യങ്ങളോടു ചേർന്നുപോകുന്നതാണെന്നു തോന്നുന്നു. കാരണം സ്നേഹത്തിന്റെ അപ്പൊസ്തലനു സ്നേഹമെന്നല്ലാതെ മറ്റെന്താണു പറയാനാവുക?

ഉവ്വ്, സ്നേഹത്തെക്കുറിച്ച്, ദൈവത്തിനു നമ്മോടുള്ളതും നമുക്കു ദൈവത്തോടുണ്ടാകേണ്ടതുമായ സ്നേഹത്തെക്കുറിച്ച്, ഏറെ മനസ്സിലാക്കുകയും എഴുതുകയും ചെയ്ത അപ്പൊസ്തലനാണു യോഹന്നാൻ. തന്റെ ആദ്യലേഖനം തന്നെ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാം.

ഈ ഒന്നാം ലേഖനത്തിൽ ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചു യോഹന്നാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ആദ്യം നോക്കാം.

**ദൈവം സ്നേഹം തന്നെ**

ദൈവത്തിനു പല ഗുണങ്ങളുണ്ട്. ദൈവം നീതിമാനാണ് വിശ്വസ്ത നാണ്. എല്ലാം ശരിയാണ്. എന്നാൽ ദൈവത്തിന്റെ പ്രാഥമികമായ ഗുണം താൻ സ്നേഹമാണെന്നുള്ളതാണ്. താൻ സ്നേഹിക്കുന്നു എന്നല്ല, താൻ തന്നെ സ്നേഹമാണ്. യോഹന്നാൻ അത് ആവർത്തിച്ചു പറയുന്നുണ്ട്. ദൈവം സ്നേഹം തന്നെ (1 യോഹ. 4:8;16). സ്നേഹം കൂടാതെ ഒരു നിലനില്പ്, അസ്തിത്വം, ദൈവത്തിനില്ലെന്നു സാരം.

ഇവിടെ മറ്റൊരു കാര്യം കൂടെ ചൂണ്ടിക്കാണിക്കട്ടെ. ത്രിയേകത്വം എന്ന ദൈവിക അസ്തിത്വത്തിലേക്കും ദൈവം സ്നേഹം തന്നെ എന്ന വെളി പാടിലൂടെ യോഹന്നാൻ നമ്മെ നയിക്കുന്നുണ്ട്. കാരണം സ്നേഹത്തിന് പകരപ്പെടാതെയും സ്വീകരിക്കപ്പെടാതെയും ഇരിക്കാനാവില്ല. സ്നേഹം, സ്നേഹമാകുന്നത് ഒരാളിൽ നിന്നു മറ്റൊരാളിലേക്ക് അതു പകരപ്പെടു കയും മറ്റെയാൾ അതു സ്വീകരിക്കുകയും ചെയ്യുമ്പോഴാണല്ലോ. ദൈവം അനാദിയായും ശാശ്വതമായും സ്നേഹമായ ദൈവമായിരുന്നെങ്കിൽ സ്വർഗത്തെയും മാലാഖമാരെയും ഭൂമണ്ഡലത്തെയും മനുഷ്യരെയും സൃഷ്ടിക്കുന്നതിനു മുൻപുള്ള അനാദിയിൽ ദൈവം ആരെയാണു സ്നേഹിച്ചത്? അതെ ദൈവത്തിൽ ബഹു വ്യക്തിത്വം ഉണ്ടായിരുന്നതു കൊണ്ടാണു സ്നേഹമായ ദൈവത്തിന് അന്നു നിലനില്ക്കാൻ കഴി ഞ്ഞത്. നോക്കുക: ദൈവം സ്നേഹം തന്നെ എന്നു പറയുമ്പോൾ ത്രിത്വ ത്തിലേക്കും അതു വിരൽ ചൂണ്ടുന്നു. പിതാവ്, പുത്രൻ, ആത്മാവ് എന്നി വരെക്കുറിച്ച് ഏറെ വിശദീകരിക്കുകയും ദൈവിക ത്രിത്വത്തെക്കുറിച്ച് ആധികാരികമായി പറയുകയും ചെയ്യുന്ന ലേഖനമായി ഒന്നു യോഹ ന്നാൻ മാറിയതിൽ എന്താണത്ഭുതം?

**ദൈവസ്നേഹം പുത്രനിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു**

സ്നേഹമായ ദൈവം മാനവാരാശിയോടുള്ള ബന്ധത്തിൽ തന്റെ സ്നേഹം പ്രത്യക്ഷമാക്കിയത് തന്റെ ഏകജാതനായപുത്രനെ ലോക ത്തിലേക്ക് അയച്ചതിലൂടെയാണ് (യോഹ. 3:16, 1 യോഹ 4 : 9). ദൈവം തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയ ച്ചാണു തന്റെ സ്നേഹം പ്രദർശിപ്പിച്ചത്. (റോമർ. 5:8, 1 യോഹ 4:10). നാമല്ല ദൈവത്തെ ഒന്നാമതു സ്നേഹിച്ചത്. അവിടുന്ന് ആദ്യം നമ്മെ സ്നേഹിച്ചു-അതും നാം പാപികളായിരിക്കുമ്പോൾ തന്നെ (1 യോഹ. 4 : 19, റോമ. 5:8). എന്നാൽ ഒരു കുറവുമില്ലാത്ത വലിയവനായ ദൈവം എന്തിനു മൺപൊടികളായ നമ്മെ സ്നേഹിച്ചു, അതിന്റെ ആവശ്യം എന്തായിരുന്നു?-സത്യത്തിൽ നിത്യത മുഴുവൻ നാം അന്വേഷിച്ചാലും ഈ ചോദ്യത്തിനു നമുക്കു മറുപടി കിട്ടുമോ? എത്ര അത്ഭുതകരം!

**ദൈവസ്നേഹം ക്ഷമിക്കുന്നു**

1 യോഹന്നാൻ ഒന്നാം അദ്ധ്യായം 5 മുതൽ 10 വരെയുള്ള വാക്യങ്ങ ളിലും തുടർന്നു വരുന്ന രണ്ടാം അദ്ധ്യായത്തിന്റെ

*ശേഷം പേജ് 38 ൽ*

**സന്ദേശം**


# ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം

**സാക് പുന്നൻ**

പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം എന്ത്?

പലരും ചിന്തിക്കുന്ന വ്യത്യാസം ഇതാണ്: - പഴയ നിയമത്തിൻ കീഴിൽ ആളുകൾക്ക് ദൈവിക നിയമങ്ങൾ അനുസരിക്കേണ്ടിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ കീഴിലാകട്ടെ, യേശു നമുക്കുവേണ്ടി അവയെ പ്രമാണിച്ചതുകൊണ്ട് നാം അവ പ്രമാണിക്കേണ്ടതില്ല.

എന്നാൽ ഇതു സത്യമല്ല, പഴയ നിയമത്തിൻ കീഴിൽ ജനങ്ങൾക്ക്



*കരടു നീക്കുക എന്നത് വളരെ സൂക്ഷ്മദർശനം ആവശ്യമായ ഒരു പ്രവർത്തനമാണ്. തെളിഞ്ഞ പ്രകാശത്തിലേ അത് ചെയ്യാൻ കഴിയൂ...*

ദൈവിക നിയമത്തെ സ്നേഹം എന്ന ഒറ്റവാക്കിൽ സംക്ഷേപിക്കാം. ദൈവത്തോടുള്ള സ്നേഹം, അയൽക്കാരനോടുള്ള സ്നേഹം എന്നീ രണ്ടു കല്പനകളിൽ ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും മുഴുവൻ സംക്ഷേപിക്കാമെന്ന് കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്.സ്വന്തസഹോദരനെ സ്നേഹിക്കാതെ ഒരുവന് ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയാൻ സാധിക്കാത്തവിധം ഈ രണ്ടു കല്പനകളും അത്ര ഗാഢബന്ധമുള്ളവയാണ്.

ദൈവികനിയമങ്ങൾ പാലിക്കുവാൻ കഴിവില്ലായിരുന്നു; എന്നാൽ പുതിയ നിയമത്തിൻ കീഴിൽ നമുക്ക് ആ കഴിവു ലഭിക്കുന്നുവെന്നതാണ് വ്യത്യാസം. റോമർ 6 : 14 വായിക്കുമ്പോൾ ഈ വ്യത്യാസം വളരെ സ്പഷ്ടമാകുന്നു. “നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.” പാപം ദൈവിക നിയമങ്ങളുടെ ലംഘനമാണെന്ന് 1 യോഹന്നാൻ 3:4 ൽ നാം കാണുന്നു. (Sin is the transgression of the law). അതിനാൽ റോമർ 6 : 14 – ന്റെ അർത്ഥം ഇതാണ്: നാം ഇനിയും ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ ദൈവിക നിയമങ്ങളെ നാം ലംഘിക്കേണ്ട ആവശ്യമില്ല. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ പുതിയ നിയമപ്രകാരം നാം കൃപയ്ക്ക് അധീനരാകയാൽ ദൈവിക നിയമങ്ങൾ പ്രമാണിപ്പാൻ നമുക്കു കഴിവുണ്ട്. സത്യം ഗ്രഹിപ്പാൻ താൽപര്യമുള്ള എല്ലാവർക്കും ആ വാക്യത്തിന്റെ അർത്ഥം ഇതുതന്നെയാണ്. റോമർ 8 – ന്റെ 3, 4 എന്നീ വാക്യങ്ങളും ഇതിനോടു യോജിക്കുന്നു.

ന്യായപ്രമാണത്തിനു ചെയ്യാൻ കഴിയുന്നത് – അതായത് മനുഷ്യരെ സൽഗുണപൂർണ്ണരാക്കുക എന്നത് – (എബ്രാ. 7 : 19 ; 10 : 1) ദൈവം ചെയ്തു. മനുഷ്യജഡത്തിന്റെ ബലഹീനത നിമിത്തമാണ് ന്യായപ്രമാണത്തിന് ഇതു ചെയ്യാൻ കഴിയാതെ പോയത്. തന്മൂലം ജഡത്തിലുള്ള പാപത്തെ അതിജീവിക്കുമാറ് ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ ഭൂമിയിലേക്ക് അയച്ചു. (റോമർ 8 : 3 Amplified) ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശു ജഡത്തെ ജയിച്ചതുപോലെ നാമും ജയിക്കയും ദൈവികനിയമങ്ങൾ പാലിച്ച് പരിപൂർണ്ണത നേടുകയും വേണം എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. (റോമർ 8 : 4)

ദൈവിക നിയമത്തെ സ്നേഹം എന്ന ഒറ്റവാക്കിൽ സംക്ഷേപിക്കാം. ദൈവത്തോടുള്ള സ്നേഹം, അയൽക്കാരനോടുള്ള സ്നേഹം എന്നീ രണ്ടു കല്പനകളിൽ ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും മുഴുവൻ സംക്ഷേപിക്കാമെന്ന് കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. (മത്തായി 22: 37 – 40) സ്വന്തസഹോദരനെ സ്നേഹിക്കാതെ ഒരുവന് ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയാൻ സാധിക്കാത്തവിധം ഈ രണ്ടു കല്പനകളും അത്ര ഗാഢബന്ധമുള്ളവയാണ് (1 യോഹ 4:20, 21) അതിനാൽ – “കൂട്ടുകാരനെ

നിന്നെപ്പോലെ തന്നെ സ്നേഹി ക്കണം എന്ന ഏകവാകൃത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങി യിരിക്കുന്ന''തായി പൗലൊസ് പ്രസ്താവിക്കുന്നു. (ഗലാ. 5 : 14) ഇതിനെത്തന്നെയാണ് പരിശുദ്ധാ ത്മാവിന്റെ ഫലമായും അദ്ദേഹം തുടർന്നു പരാമർശിക്കുന്നത്. (വാ. 22) സ്നേഹം ന്യായപ്രമാണത്തിന്റെ സഫലീകരണം തന്നെ. (റോമർ 13 : 10)

പൗലൊസ് തിമൊഥയോസിനെഴു തുമ്പോൾ - ഈ സ്നേഹമാണ് തന്റെ മുഴുവൻ ഉപദേശത്തിന്റെയും ലക്ഷ്യമെന്ന് പ്രസ്താവിക്കുന്നു. (1 തിമോ. 1 : 5) ജനങ്ങളെ പാപക്ഷമ യിലേക്കു മാത്രം നയിക്കുകയായിരു ന്നില്ല പൗലൊസിന്റ ലക്ഷ്യം. പാപ ത്തിന്മേലുള്ള വിജയം പോലും നിഷേധാത്മകമായ ഒരു കാര്യമായ തുകൊണ്ട് അതും ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. അവർ സ്നേഹത്തിൽ തികഞ്ഞവരാകണം എന്ന ക്രിയാത്മകമായ (Positive) കാര്യമായിരുന്നു അദ്ദേഹം ലക്ഷ്യമാ ക്കിയത്. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തുക എന്ന ലക്ഷ്യത്തോടെ യാണ് താൻ അധ്വാനിക്കുന്നതെന്ന് കൊലോസ്യർ 1 : 28, 29 വാക്യങ്ങ ളിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഈ മാർഗ്ഗത്തിൽ കൂടിയാണ് ക്രിസ്തുവിന്റെ യഥാർത്ഥ സഭ പണിയുന്നത്. യേശു ക്രൂശിൽച്ചൊ രിഞ്ഞ രക്തത്താൽ ആളുകൾക്ക് പാപക്ഷമയും വിശ്വാസിയുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാ വിനാൽ പാപത്തിന്മേൽ വിജയവും ലഭിച്ചശേഷം ആത്മാവിനാൽ അവർ സ്നേഹത്തിൽ തികഞ്ഞവരായി ത്തീരുന്ന ഒരവസ്ഥയിലേക്ക് നയിക്ക പ്പെടുക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം.

> ജനങ്ങളെ പാപക്ഷമയിലേക്കു മാത്രം നയിക്കുകയായിരുന്നില്ല പൗലൊസിന്റ ലക്ഷ്യം. പാപത്തി ന്മേലുള്ള വിജയം പോലും നിഷേധാത്മകമായ ഒരു കാര്യ മായതുകൊണ്ട് അതും ആയി രുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. അവർ സ്നേഹ ത്തിൽ തികഞ്ഞവരാകണം എന്ന ക്രിയാത്മകമായ കാര്യ മായിരുന്നു അദ്ദേഹം ലക്ഷ്യമാ ക്കിയത്. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവ നായി നിർത്തുക എന്ന ലക്ഷ്യ ത്തോടെയാണ് താൻ അധ്വാനി ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. അവിടുത്തെ കാണുവാൻ മനുഷ്യർക്കുള്ള ഏകമാർഗ്ഗം നമ്മിലൂ ടെയാണ് - എന്ന് യോഹന്നാൻ എഴു തുന്നു. യേശു നമ്മെ സ്നേഹിച്ച ആ പരിപൂർണ്ണസ്നേഹത്തോടെ നാം അന്യോന്യം സ്നേഹിക്കുമ്പോൾ മാത്രമാണ് ഇതു സാധിക്കുന്നത്. (1 യോഹ 4 : 12) ഭൂരിപക്ഷം വിശ്വാസി കളും ഈ വാക്യത്തെ ഒരു അസാ ധ്യതയായി എഴുതിത്തള്ളിയിരിക്കു ന്നു. തന്മൂലം അവർ അസൂയയിലും ഭിന്നതയിലും നീരസത്തിലും കലഹ ത്തിലും നിഗളത്തിലും ജീവിച്ച് അത ല്ലാതെ വേറെ പോംവഴിയില്ലെന്ന തീരുമാനത്തിൽച്ചെന്നെത്തിയിരിക്കു ന്നു, എന്നാൽ യേശു നമുക്കുവേണ്ടി സമ്പാദിച്ച രക്ഷ ഈ വിധം പരാജ യത്തിന്റെ പടുകുഴിയിൽപ്പതിച്ചു കിട ക്കുന്ന ദയനീയമായ ഒരു രക്ഷയല്ല.

"ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹി ക്കണം" എന്ന് യേശു നമ്മോടു കൽപ്പിക്കുകയും ആ സ്നേഹം മൂലം നാം അവിടുത്തെ ശിഷ്യ ന്മാർ എന്ന് എല്ലാവരും തിരിച്ച റിയുമെന്നു പ്രസ്താവിക്കു കയും ചെയ്തു. സുവിശേഷ പ്രചരണത്തിനായി പുതിയ സങ്കേതങ്ങളും ഉപകരണങ്ങളു മെല്ലാം ഉപയോഗിക്കുന്നവരിൽ ഒരു വലിയ പങ്കാളുകൾ വിസ്മ രിച്ചുകളഞ്ഞ ഒരു സുവിശേഷ പ്രചാരണമാർഗ്ഗമാണിത്.

പരിപൂർണ്ണസ്നേഹം എന്ന വാഗ്ദത്തദേശത്തു പ്രവേശിക്കാനാവാതെ പലരേയും അതിൽ നിന്നകറ്റി നിറുത്തിയിട്ടുള്ളത് അവിശ്വാസം തന്നെയാണ്. എന്നാൽ യോശുവാമാരും കാലേബുമാരും ഇന്നും ആ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ച് അവിടം അവകാശമാക്കുകയും എല്ലാ മല്ലന്മാരെയും കീഴടക്കുകയും ചെയ്യുന്നുണ്ട്.

ഇവിടെ ഈ ഭൂമിയിൽ വച്ചു തന്നെ നാം സ്നേഹത്തിൽ തികഞ്ഞവരാകണം എന്നത് ദൈവഹിതമത്രേ. അന്യോന്യസ്നേഹത്തിനു വിഘാതമായ നീരസം, അസൂയ, ദൂഷണം, അസഹിഷ്ണുത, നിഗളം എന്നിങ്ങനെയുള്ള എല്ലാറ്റിൽ നിന്നും നാം സമ്പൂർണ്ണ സ്വാതന്ത്ര്യം നേടണം എന്നതാണ് അവിടുത്തെ തിരുഹിതം. ''ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം'' എന്ന് യേശു നമ്മോടു കൽപ്പിക്കുകയും ആ സ്നേഹം മൂലം നാം അവിടുത്തെ ശിഷ്യന്മാർ എന്ന് എല്ലാവരും തിരിച്ചറിയുമെന്നു പ്രസ്താവിക്കുകയും ചെയ്തു. സുവിശേഷ പ്രചരണത്തിനായി പുതിയ സങ്കേതങ്ങളും ഉപകരണങ്ങളുമെല്ലാം ഉപയോഗിക്കുന്നവരിൽ ഒരു വലിയ പങ്കാളുകൾ വിസ്മരിച്ചുകളഞ്ഞ ഒരു സുവിശേഷ പ്രചാരണമാർഗ്ഗമാണിത്. യേശു തങ്ങളെ സ്നേഹിച്ചതു പോലെ പരസ്പരം സ്നേഹിക്കുവാൻ ദൃഢപ്രതിജ്ഞയെടുത്ത ഒരു കൂട്ടം വിശ്വാസികളെ നമുക്ക് എവിടെ കണ്ടെത്തുവാൻ കഴിയും? "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" എന്ന് കർത്താവ് അരുളി ചെയ്തു. അവിടുത്തെ കല്പനകളിൽ സർവശ്രേഷ്ഠം താൻ സ്നേഹിച്ചതു പോലെ നാമും അന്യോന്യം സ്നേഹിക്കണം എന്ന തത്രേ.

അതിനാൽ യേശുവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ യഥാർത്ഥ ഉരകല്ല് ഇതാണ് : താൻ നമ്മെ സ്നേഹിച്ചതുപോലെ നമ്മുടെ സഹ വിശ്വാസികളെ സ്നേഹിക്കുവാനും സ്നേഹത്തിൽ തികഞ്ഞവരായിത്തീരുവാനുള്ള ഒരു വലിയ വാഞ്ഛ നമുക്കുണ്ടോ?

മറ്റുള്ളവരോടു പ്രസംഗിക്കുക, ത്യാഗം സഹിക്കുക, ആത്മവരങ്ങൾ സ്വായത്തമാക്കുക എന്നിവയൊന്നും ആ സ്നേഹത്തിനു പകരമാകുന്നില്ല. അന്യഭാഷ, പ്രവചനം എന്നീ വരങ്ങൾ ഉള്ളവരും മലകളെ നീക്കുവാൻ തക്ക വിശ്വാസമുള്ളവരും സകല ദൈവിക മർമ്മങ്ങളും ഗ്രഹിച്ചവരും തങ്ങൾക്കുള്ളതെല്ലാം ദാനം ചെയ്തവരും സുവിശേഷത്തിനു വേണ്ടി സ്വന്തം ശരീരം ചുടുവാൻ ഏല്പിച്ചവരുമെല്ലാം സ്നേഹശൂന്യരായിത്തീരാനും അങ്ങനെ അവസാന ദിവസത്തിൽ ദൈവത്തിൽ

നിന്ന് 0% വാങ്ങുവാനും സാധ്യതയു ള്ളതായി പൗലൊസ് പ്രസ്താവിക്കുന്നു.

യഥാർത്ഥത്തിൽ നാം അന്വേഷിക്കേണ്ട സർവോന്നതമായ കാര്യം സമ്പൂർണ്ണ സ്നേഹം തന്നെ. (1 കൊരി 13 : 1 – 3; 14 : 1) മറ്റുള്ള തെല്ലാം വിറ്റ് കരസ്ഥമാക്കേണ്ട നിധി ഇതത്രേ. മറ്റു മുത്തുകളെല്ലാം വിറ്റുകളഞ്ഞ് സ്വായത്തമാക്കേണ്ട വിലയേറിയ മുത്തും ഇതു തന്നെ. എന്നാൽ ദൈവവചനം പ്രസ്താവിക്കുന്നതു പോലെ ഇതാണ് സർവോന്നതസമ്പാദ്യം എന്ന സത്യം ബോധ്യമാകാതെ നാം മറ്റുള്ള തെല്ലാം വെടിയുകയില്ല.

സമ്പൂർണ്ണസ്നേഹത്തോടെ അന്യോന്യം സ്നേഹിക്കുക എന്നുവച്ചാൽ സഭയിൽ മറ്റുള്ളവരെ വിലപ്പെട്ടവരായിക്കരുതുക എന്നാണ് അതിന്റെയർത്ഥം. മറ്റുള്ളവരിൽ നാം പ്രമോദിക്കണം. അവരോട് വിശ്വസ്തരും സത്യസന്ധരുമാകണം. ഇക്കാര്യമെല്ലാം അവർ നമ്മുടെ മുമ്പിലുള്ളപ്പോൾ മാത്രമല്ല, അവരെപ്പറ്റിയുള്ള നമ്മുടെ ചിന്തയിലും കൂടെ ചെയ്യേണ്ടതാണ്. അങ്ങനെയെങ്കിൽ മറ്റുള്ളവരെപ്പറ്റി ദൂഷണം പറയുവാനോ വിമർശിക്കുവാനോ നമുക്ക് ഇടവരികയില്ല. നേരേമറിച്ച് നാം അന്യോന്യം ഭാരങ്ങൾ ചുമക്കും. സഹവിശ്വാസികളെ സേവിച്ചും ബഹുമാനിച്ചും നമ്മുടെ ഭൗതികനന്മകളിൽ ഓഹരി നൽകിയും നാം അവർക്ക് എല്ലാവിധത്തിലും നന്മ ചെയ്യുന്നവരാകും. അപ്പോൾ സഭയിൽ ഒരുത്തരും ബുദ്ധിമുട്ടിൽ ഇരിക്കുകയില്ല. ഇങ്ങനെ ധാരാളം കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. ദൈവം മൗനമായി നമ്മുടെ നന്മയ്ക്കുവേണ്ടി പ്ലാൻ ചെയ്യുന്നതു പോലെ (സെഫന്യാവ് 3 : 17 literal translation) നാമും സഹവിശ്വാസികളുടെ നന്മയ്ക്കുവേണ്ടി നിശ്ശബ്ദമായി പ്ലാൻ ചെയ്യുന്നവരായിത്തീരും.

ഇപ്രകാരം സ്നേഹത്തിൽ നാം തികഞ്ഞവരാകണമെങ്കിൽ ആദ്യമേ തന്നെ നാം ദൈവസ്നേഹത്തിൽ ഉറപ്പും സുരക്ഷിതബോധവും ഉള്ളവരാകണം. ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെപ്പറ്റി നാം ഉറപ്പുള്ളവരാകുമ്പോൾ നമ്മുടെ ജീവിതത്തിൽ ഭയത്തിനു സ്ഥാനമില്ലാതാകും. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നുവല്ലോ. (1 യോഹ. 4 : 16, 18) നാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്നവരെങ്കിൽ അവിടുത്തെ അനുവാദം കൂടാതെ ഒന്നും നമുക്കു ഭവിക്കുകയില്ല. സകലവും നമ്മുടെ നന്മയ്ക്കായി കൂടിച്ചേർന്നു വ്യാപരിക്കും. തന്റെ വിശ്വസ്തഭൃത്യനായ മൊർദേഖായിയുടെ ജീവിതത്തിൽ സ്വഹിതം നിറവേറ്റുന്നതിനുവേണ്ടി ദൈവം ഒരു രാത്രി ഒരു രാജാവിന് ഉറക്കം വരുത്താതിരുന്നതായി എസ്തേറിന്റെ പുസ്തകത്തിൽ കാണുന്നു. അതുപോലെ യോസേഫിന്റെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്നതിലേക്കായി മനുഷ്യന്റെ കോപം ദൈവത്തിന്റെ ഉദ്ദേശ്യ നിർവഹണത്തിന് സഹായകമായിത്തീർന്നതിനെപ്പറ്റി നാം വായിക്കുന്നു. ഈ സത്യം നമ്മുടെ ഹൃദയങ്ങൾക്ക് വളരെ ആശ്വാസം നൽകുന്ന ഒന്നത്രേ. വീണുപോകുന്ന ഒരു നിസ്സാരകുരുവിയെയോ തലയിലെ ഒരു രോമത്തെപ്പോലുമോ, ദൈവം കാണാതിരിക്കുന്നില്ല. സ്വന്തപുത്രനെ നമുക്കുവേണ്ടി സൗജന്യമായി നൽകിയവൻ സകലവും നമുക്കു നൽകാതിരിക്കയില്ല. സകലവും നിങ്ങൾക്കുള്ളത്രേ എന്നു പൗലൊസ് പറയുന്നു. (1

ഇത്തിരിവെട്ടം

# അച്ചടക്കമുള്ള ക്രിസ്ത്യാനി ആകുന്നതെങ്ങനെ?

റിച്ചാർഡ് എസ്. ടെയ്ലർ

1. അച്ചടക്കമുള്ള ജീവിതത്തിലുള്ള നിങ്ങളുടെ താൽപ്പര്യത്തെ ദൃഢപ്പെടുത്തുക.

നിങ്ങളുടെ അലസതമൂലം, നിങ്ങളെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു പുരുഷനായി അല്ലെങ്കിൽ സ്ത്രീയായി നിങ്ങൾക്കു മാറുവാൻ കഴിയാതെ പോയാൽ അതു ദൈവഹൃദയത്തിൽ എത്രത്തോളം വേദനയുണ്ടാക്കുമെന്ന് കൂടെക്കൂടെ ചിന്തിച്ചു നോക്കുക.

2. ചെറിയ കാര്യങ്ങളിൽ തുടങ്ങുക.

മറ്റുള്ളവർക്കു അനാവശ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുവാൻ അച്ചടക്കമുള്ള ക്രിസ്ത്യാനി സദാ പരിശ്രമിക്കും. നിങ്ങളുടെ വസ്ത്രങ്ങൾ കൃത്യസ്ഥലങ്ങളിൽ തൂക്കിയിടുക. ദിവസവും രാവിലെ കിടക്ക വൃത്തിയായി വിരിക്കുക. വാഷ്ബേസിൻ വൃത്തിയായി സൂക്ഷിക്കുക. ചെരുപ്പുകൾ അതതിന്റെ സ്ഥലങ്ങളിൽ സൂക്ഷിക്കുക. നിങ്ങൾ ഉപയോഗിക്കുന്ന പണിയായുധങ്ങൾ വൃത്തിയാക്കിയതിനുശേഷം കൃത്യസ്ഥലങ്ങളിൽ തിരികെ വയ്ക്കുക. ആത്മീയനാകുവാൻ ഇവയൊക്കെ അപ്രസക്തമായ

---

കൊരി 3 : 22) നമുക്കു വഹിക്കാവുന്നതിനപ്പുറമായ ഒരു പരീക്ഷയോ പീഡനമോ നമുക്കു നേരിടുകയില്ല. 1 കോരി. 10 : 13 – ൽ അതിനുള്ള ഗാരണ്ടി ദൈവം നമുക്കു നൽകിയിട്ടുണ്ട്. അത് ആയുഷ്കാലപര്യന്തമുള്ള ഒരു ഗാരന്റിയുമാണ്. ഒരു ഗാനത്തിൽ നാം ഇങ്ങനെ പറയുന്നു: –

“പീഡയിലോരോന്നും തൻ ത്രാസിൽ തൂക്കിയതത്രേ കൃത്യമതായ്
എല്ലാം നമ്മുടെ നന്മയ്ക്കായ് താൻ
ദുർവഹമൊന്നും വന്നീടാ.”

ഈസ്കര്യോത്തായൂദാപോലും സ്നേഹസമ്പന്നനായ പിതാവിന്റെ കൈകളിൽ അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതിനുള്ള ഉപകരണമായി മാറുന്നു. അതിനാൽ പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ നമുക്ക് പത്രോസിനെപ്പോലെ വാളൂരി വെട്ടേണ്ട ആവശ്യമില്ല. നേരെമറിച്ച് യേശുവിനെപ്പോലെ യഥാർത്ഥ രാജാക്കന്മാരായി സ്വസ്ഥതാപൂർവ്വം ദൈവഹിതത്തിനു നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കാൻ നമുക്കു കഴിയും. “മേലിൽ നിന്നു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു” എന്നു പീലാത്തോസിനോടു പറയുവാൻ കർത്താവിനു കഴിഞ്ഞു. (യോഹ. 19 : 11) നമുക്കും നമ്മുടെ ചുറ്റുമുള്ള എല്ലാ ഭൂവാസികളേയും നോക്കി ഈ വാക്കുകൾ തന്നെ പറയുവാൻ കഴിയും.(തുടരും) ❖

കാര്യങ്ങളാണെന്ന് ചിന്തിച്ച് അവ ഒഴിവാക്കരുത് ഇവയൊക്കെ അതിന്റെ അന്തഃസത്തയാണ്. ജഡികനായ ഒരുവനെ അപേക്ഷിച്ച് ആത്മീയനിൽ ഉണ്ടായിരിക്കേണ്ട ശ്രദ്ധയുടെയും ഉൾക്കാഴ്ചയുടെയും ദീർഘദൃഷ്ടിയുടെയും ഒരു അധിക പങ്കിനെയാണ് ഇവ കാണിക്കുന്നത്.

3. എല്ലാവരെയും ബഹുമാനിക്കുക – ദരിദ്രരെയും താഴ്ന്നവരെയും ഉൾപ്പെടെ എല്ലാവരെയും ആദരിക്കണം. മറ്റുള്ളവരോട് സംസാരിക്കുകയോ അവരെ കേൾക്കുകയോ ചെയ്യുമ്പോൾ, അവരുടെ മുഖത്തേക്കു നോക്കുന്ന ശീലം വളർത്തിയെടുക്കുക.

ഒരു യോഗസ്ഥലത്തായിരിക്കുമ്പോൾ നിങ്ങളുടെ കണ്ണുകൾ അവിടെയുമിവിടെയും അലഞ്ഞുതിരിഞ്ഞ് പോകുന്നത് ഒഴിവാക്കി, സംസാരിക്കുന്നവനിൽ മാത്രം ദൃഷ്ടി പതിപ്പിക്കുന്ന ശീലം വളർത്തിയെടുക്കുക. ആ സമയം മറ്റുള്ളവരെ ശ്രദ്ധിക്കുകയോ, നിങ്ങളുടെ കാലുകളിലേക്ക് നോക്കിയിരിക്കുകയോ ചെയ്യുന്നത് അഹന്തയുടെയും ദൈവത്തോടും ആ പ്രഭാഷകനോടും നിങ്ങൾകാട്ടുന്ന അനാദരവിന്റെയും ലക്ഷണമാണ്.

4. ദുഷ്കരമായ കാര്യങ്ങൾ ആദ്യം ചെയ്യുക. അവസാനം ചെയ്യാറുള്ള കാര്യങ്ങളെ ആദ്യം ചെയ്യുവാൻ പരിശ്രമിക്കുക. നാളുകളായി നിങ്ങൾ മാറ്റി വച്ചുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ (ഒരു കത്തെഴുതുന്നതോ ഒരു ലേഖനം തയ്യാറാക്കുന്നതോ) ഇപ്പോൾ തന്നെ ചെയ്ത് തീർക്കുക.

5. സഭായോഗങ്ങൾക്കും മറ്റ് സന്ദർശനങ്ങൾക്കും സമയകൃത്യത പാലിക്കുക. സമയനിഷ്ഠ പാലിക്കുക എന്നുള്ളത് ക്രിസ്തീയമര്യാദകളുടെ ഭാഗമാണെന്ന് നിങ്ങൾക്കു ബോധ്യമുണ്ടെങ്കിലേ അതു കൈവരിക്കുവാൻ കഴിയൂ. അതിനായി മുൻകൂട്ടി ആസൂത്രണം ചെയ്യുകയും, ആവശ്യമെങ്കിൽ ഒരു നിശ്ചിത സമയം നേരത്തെ എത്തിച്ചേരുന്ന നിലയിൽ സമയക്രമീകരണം നടത്തുകയും ചെയ്യുക.

6. അലസമായി ദിവാസ്വപ്നങ്ങളിൽ മുഴുകി സമയം പാഴാക്കരുത്. ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുവിൻ. ഒഴിവു സമയങ്ങൾ ക്രിസ്തീയ പുസ്തകങ്ങൾ വായിക്കുവാനും, മനുഷ്യരോടുള്ള കൂട്ടായ്മ ആചരിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനും ഉപയോഗിക്കുക.

7. അപ്രതീക്ഷിതമായി സംഭവിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ ആസൂത്രിതമായ പദ്ധതികളെ തകിടംമറിക്കുമ്പോൾ ക്ഷോഭിക്കരുത്. കാരണം അതു തീർത്തും വിവേകശൂന്യമാണ്. എന്നാൽ, മാനുഷികമായ ബുദ്ധിമോശമെന്ന് നിങ്ങൾക്ക് അപ്പോൾ തോന്നുന്ന ചിലകാര്യങ്ങൾ സംഭവിക്കുന്നതു നിങ്ങളുടെ ആത്യന്തിക നന്മയ്ക്കായി ദൈവം നടത്തുന്ന ചില ഇടപെടലുകളാണെന്ന് മാത്രം ചിന്തിക്കുക (റോമർ 8:28). അതിനാൽ ദൈവത്തിന്റെ പ്രവൃത്തികൾക്കായി അവിടുത്തേക്ക് നന്ദി പറയുക.

8. നിങ്ങളുടെ വിമർശകരെ സ്നേഹിക്കുക. എല്ലാ തിരുത്തലുകൾക്കും ഹൃദയപൂർവ്വം നന്ദിയുള്ളവരായിരിക്കുന്ന ശീലം വളർത്തുക. തിരുത്തലുകൾ ഉണ്ടാകുമ്പോൾ ഇടറിപ്പോകുന്നത് അപക്വതയുടെ ലക്ഷണമാണ്. ഏറ്റവും താഴ്ന്നവരിൽ നിന്നുപോലും പഠിക്കുവാൻ തയ്യാറാവുക.

ഈ ചോദ്യങ്ങൾ നിങ്ങളോട് സ്വയം ചോദിക്കുക: എന്നെ ഏൽപ്പിക്കുന്ന ജോലികൾ ഉത്തരവാദിത്തത്തോടുകൂടി നിറവേറ്റുന്നവനായി ഞാൻ മാറിയിട്ടുണ്ടോ? ഒരു ജോലി ചെയ്തു തീർക്കേണ്ടി വരുമ്പോൾ തിടുക്കത്തിൽ സഹായം വാഗ്ദാനം ചെയ്യാൻ എനിക്ക് കഴിയുന്നുണ്ടോ? അതോ ഞാൻ സാവകാശം ഒഴിഞ്ഞ് മാറുകയാണോ ചെയ്യുന്നത്? എന്റെ തീരുമാനങ്ങളുടെയും പിഴവുകളുടെയും ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുവാൻ കഴിയുന്നുണ്ടോ?

9. ജിജ്ഞാസ, മുൻവിധി, ശാഠ്യം എന്നിവയെ ഒഴിവാക്കുക. മറ്റുള്ളവരുടെ കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിൽ തൽപ്പരരാകരുത്. ഏതെങ്കിലും ഒരു വ്യക്തിയോടോ സമൂഹത്തോടോ പക്ഷപാതം പുലർത്തുന്നത് ഒഴിവാക്കുക. നിങ്ങൾ മാത്രമാണ് ശരിയെന്നുള്ള ഉറച്ചനിലപാട് ഒഴിവാക്കുക. ഈ മേഖലകളിലെല്ലാം നിങ്ങളെത്തന്നെ സദാ സൂക്ഷിക്കുക.

10. അമിതഭക്ഷണം ഒഴിവാക്കുക ഭക്ഷണം കഴിക്കുന്നതു പാപമല്ല, എന്നാൽ അത്യാർത്തി പാപമാണ്. ''സകലത്തിലും എനിക്കു കർത്തവ്യം ഉണ്ടു; എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിന്നും എനിക്കു കർത്തവ്യം ഉണ്ട്. എങ്കിലും ഞാൻ യാതൊന്നിന്നും അധീനനാകയില്ല. ഭോജ്യങ്ങൾ വയറിനും വയറു ഭോജ്യങ്ങൾക്കും ഉള്ളത്. എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ ദുർന്നടപ്പിനല്ല കർത്താവിന്നത്രേ. കർത്താവു ശരീരത്തിന്നും," എന്നാണ് പൗലൊസ് പറയുന്നത് (1 കൊരി 6:12,13) ഹൃദയപൂർവ്വം ആസ്വദിച്ച് ഭക്ഷണം കഴിക്കണം. എന്നാൽ നമുക്ക് നല്ലതെന്തെന്നും എത്രമാത്രമെന്നും നാം അറിഞ്ഞിരിക്കണം. ആ അളവിൽ മാത്രം കഴിക്കുവാനുള്ള ആത്മനിയന്ത്രണം നമുക്കുണ്ടാവണം. ഭക്ഷണമേശയിൽ ആവശ്യമായ നിയന്ത്രണം വരുത്തുന്നതാണ് ആരോഗ്യം നിലനിർത്തുവാനുള്ള ഏറ്റവും നല്ല വ്യായാമം. അമിതവണ്ണം ദൈവവേലയിലുള്ള നമ്മുടെ കാര്യക്ഷമതയെയും, ആയുസ്സിന്റെ ദൈർഘ്യത്തെയും കുറയ്ക്കുന്നു. ദൈവവേലയുടെ ഭാഗമായി നമുക്ക് അനുഭവിക്കേണ്ടി വരുന്ന കഷ്ടതകളുടെ ഫലമായോ പീഡനങ്ങൾ മൂലമോ നമ്മുടെ ആയുർദൈർഘ്യം കുറഞ്ഞാൽ, നമുക്ക് അഭിമാനത്തോടെ മരണത്തെ നേരിടാം. എന്നാൽ അതിഭക്ഷണം മൂലം നമ്മുടെ ആയുസ്സിന്റെ ദൈർഘ്യം കുറഞ്ഞാൽ, കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ നമുക്കെന്തു പറയുവാൻ കഴിയും?

11. കാത്തിരിക്കുവാൻ പഠിക്കുക. ദൈവത്തിന്റെ സമയത്തിനുമുമ്പ് എന്തെങ്കിലും തട്ടിയെടുത്താൽ സത്യത്തിൽ നാം അതിനെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ സമയക്രമപ്പട്ടികയിൽ എല്ലാറ്റിനും അതതിന്റെ സമയമുണ്ട്. ഉദാ. വിവാഹം. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക. മുമ്പേ കയറി ഓടരുത്. അച്ചടക്കമുള്ളവനായിത്തീരുവാൻ ജീവിതത്തിന്റെ സന്തോഷങ്ങളിലും ഉത്തരവാദിത്തങ്ങളിലും, അനുഗ്രഹങ്ങളിലും

ദൈവം വച്ചിരിക്കുന്ന സമയക്രമത്തെ ബഹുമാനിക്കുവാൻ പഠിക്കുക. ഒരു റോസാമൊട്ടിനെ കൈകൊണ്ട് വിടർത്തിയാൽ നാം ദൈവത്തെ സഹായിക്കുകയല്ല മറിച്ച് ആ പുഷ്പത്തെ നശിപ്പിക്കുകയാണ്.

12. കഠിനമായ വെല്ലുവിളികളെ ഏറ്റെടുക്കുവാൻ പഠിക്കുക. ഉത്തരവാദിത്തബോധത്തോടെ വിശ്വസ്തമായി വെല്ലുവിളികളെ ഏറ്റെടുക്കുവാൻ പഠിക്കുക. ഈ ചോദ്യങ്ങൾ നിങ്ങളോട് സ്വയം ചോദിക്കുക:

എന്നെ ഏൽപ്പിക്കുന്ന ജോലികൾ ഉത്തരവാദിത്തത്തോടുകൂടി നിറവേറ്റുന്നവനായി ഞാൻ മാറിയിട്ടുണ്ടോ? ഒരു ജോലി ചെയ്തു തീർക്കേണ്ടി വരുമ്പോൾ തിടുക്കത്തിൽ സഹായം വാഗ്ദാനം ചെയ്യാൻ എനിക്ക് കഴിയുന്നുണ്ടോ? അതോ ഞാൻ സാവകാശം ഒഴിഞ്ഞ് മാറുകയാണോ ചെയ്യുന്നത്? എന്റെ തീരുമാനങ്ങളുടെയും പിഴവുകളുടെയും ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുവാൻ എനിക്കു കഴിയുന്നുണ്ടോ? സാമ്പത്തിക ഇടപാടുകളിൽ മറ്റുള്ളവർക്ക് എന്നെ ആശ്രയിക്കുവാൻ കഴിയുമോ?

13. പ്രാർത്ഥനയും ദൈവവചന വായനയും ചിട്ടയോടെ നടത്തുക. അച്ചടക്കമുള്ള ജീവിതത്തിന് ഏറ്റവും അനിവാര്യമായ കാര്യങ്ങളാണിവ. എന്തുവിലകൊടുത്തും ദിവസവും ഈ കാര്യങ്ങൾക്കായി ഒരു നിശ്ചിത സമയം കണ്ടെത്തിയാൽ വലിയ നന്മകൾ നിങ്ങളുടെ ജീവിതത്തിൽ ലഭ്യമാകും.

14. അനാവശ്യമായ ആഡംബരങ്ങൾ ഒഴിവാക്കുക. പാഴ്ചെലവുകൾ ഒഴിവാക്കുക. ''ക്രിസ്തുയേശുവിന്റെ നല്ലഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്കുക" (2 തിമൊ. 2 : 3) സുഖസൗകര്യങ്ങളുടെയും സമൃദ്ധിയുടെയും സമയങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ നാം മനഃപൂർവ്വം ചില ത്യാഗങ്ങൾക്കു തയ്യാറാവണം.

''കൂടിന്റെ മുകളിൽ തൂവൽപുതപ്പിച്ചിരുത്തിയാൽ കഴുകൻ പറക്കുവാൻ പഠിക്കില്ല'' എന്നൊരു ചൊല്ലുണ്ട്. ഇവിടെയാണ് ഉപവാസത്തിന് വലിയ സ്ഥാനമുള്ളത്. ക്രിസ്തീയ ജീവിതത്തിൽ നമ്മുടെ ലക്ഷ്യമെന്നത് സുഖകരമായ ഒരു ജീവിതമല്ല, മറിച്ചു ക്രിസ്തുതുല്യരാവുക എന്നതാണ്.

ക്രിസ്തീയ ജീവിതമെന്നത് ഗൗരവമുള്ളതും, വെല്ലുവിളികൾ നിറഞ്ഞതും, ബുദ്ധിമുട്ടുകൾ ഉള്ളതുമാണ്. ക്രിസ്തുവിനെ അനുഗമിച്ചാൽ നാം ഒരു വിനോദയാത്രയിലേക്കല്ല യുദ്ധക്കളത്തിലേക്കാണ് നയിക്കപ്പെടുന്നത്. തന്നിൽതന്നെ പ്രസാദിക്കാതിരുന്ന (റോമ. 15 : 3) ഒരു പടനായകനാണ് നമുക്കുള്ളതെന്ന കാര്യം നാം മറക്കരുത്. അവിടുത്തെ ശിഷ്യന്മാർ എന്ന നിലയിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ നിലവാരമുയർത്തുവാൻ നമുക്ക് പരിശ്രമിക്കാം.


ദൈവത്തിന്റെ ഹിതം ചെയ്യുവാനായി നമ്മുടെ ജീവിതത്തിന്റെ കാര്യവിചാരകന്മാരായി നമുക്ക് മാറാം.

സേവനത്തിനായും ത്യാഗത്തിനായും എപ്പോഴും ഒരുക്കമുള്ളവരായിരിക്കാം.

എല്ലാ സമയത്തും നമുക്ക് മുമ്പിലുള്ള ലക്ഷ്യങ്ങൾക്കായി നമ്മെത്തന്നെ വിശ്വസ്തതയോടെ സമർപ്പിക്കാം.

എല്ലാം യേശു നിമിത്തം ആയിരിക്കട്ടെ. (മൊഴിമാറ്റം:**ബോബി**)

❖



## വിശുദ്ധ ജീവിതം –17

(കഴിഞ്ഞ ലക്കം തുടർച്ച..)

# പിന്മാറ്റത്തിൽനിന്നുള്ള മടങ്ങിവരവ്

**സാമുവൽ ലോഗൻ ബ്രെങ്കിൾ**

“**വി**ശ്വാസത്യാഗികളായ മക്കളെ മടങ്ങിവരുവിൻ എന്ന് യഹോവയുടെ അരുളപ്പാട്. ഞാനല്ലോ നിങ്ങളുടെ ഭർത്താവ്........................... എന്റെ വാക്ക് കേട്ടനുസരിക്കാതെയിരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്ക. ഞാൻ കരുണയുള്ളവൻ; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല” യിര. 3:14,13,12.

പിന്മാറ്റക്കാരൻ ദൈവത്തിങ്കലേക്ക് തിരികെ വരുന്നതിന് ദൈവത്തിന്റെ ഭാഗത്ത് ഒരു തടസ്സവുമില്ല. നാം ആരോടെങ്കിലും ദോഷം പ്രവർത്തിച്ചാൽ അവനെ വീണ്ടും ആശ്രയിക്കാൻ എളുപ്പമല്ല. യോസേഫിന്റെ സഹോദരന്മാരുടെ അനുഭവം ഇതിന് ഉദാഹരണമാണ്. അവർ യോസേഫിനോട് ദ്രോഹം പ്രവർത്തിച്ചു. എന്നാൽ മിസ്രയേമിലെ മന്ത്രിയായിത്തീർന്നത് അവർ ദ്രോഹം പ്രവർത്തിച്ച അവരുടെ സ്വന്തം സഹോദരനാണ് എന്ന് അവർക്ക് മനസ്സിലായപ്പോൾ അവർ വളരെ ഭയപ്പെട്ടു. യോസേഫ് അവരോട് കരുണ കാണിക്കുകയും തന്റെ സ്നേഹത്താൽ അവരെ ഉറപ്പിക്കുകയും ചെയ്തു. എന്നാൽ യാക്കോബിന്റെ മരണശേഷം വീണ്ടും യോസേഫിന്റെ സഹോദരന്മാർക്ക് ഈ ഭീതി ഉണ്ടായി എന്ന് നാം വായിക്കുന്നു. ഉല്പ. 50:15–21. അപ്രകാരം സഹോദരന്മാർ സംശയിച്ചു എന്നറിഞ്ഞപ്പോൾ യോസേഫ് കരഞ്ഞു. യോസേഫ് അവരോട് “നിങ്ങൾ ഭയപ്പെടേണ്ടാ............. നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിന് ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കിത്തീർത്തു; ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കാം” എന്നു പറഞ്ഞു.

പിന്മാറ്റക്കാരനായ സഹോദരാ! ഈ വാസ്തവം നീ മനസ്സിലാക്കുക. നിന്റെ പാപത്തിൽ നീ യേശുക്രിസ്തുവിനോട് ദ്രോഹം ചെയ്തു. നിനക്ക് അവനെ വിശ്വസിക്കുവാൻ കഴിയാതെ ആയിത്തീർന്നിരിക്കുന്നു. എന്നാൽ അവന്റെ ആർദ്രതയുള്ള ഹൃദയം നിനക്കായി ഉരുകുന്നു എന്നു നീ മനസ്സിലാക്കും. അവർ യോസേഫിനോടു സംസാരിക്കുമ്പോൾ അവൻ കരഞ്ഞു. അതി

നാൽ നീ പിൻമാറിപ്പോയിരിക്കുന്നു എങ്കിൽ നിന്റെ പാപത്തെക്കുറിച്ച് അനുതപിച്ച് അവ ഏറ്റുപറഞ്ഞുപേക്ഷിക്കുകയും നിന്റെ പ്രതിഷ്ഠ പുതുക്കയും ചെയ്ക. ഞാൻ അവനിൽ തന്നെ ആശ്രയിക്കും എന്നു പറയുക.

എന്നാൽ ഇപ്രകാരം പിന്മാറ്റജീവിതത്തിൽനിന്ന് തിരികെ വരുമ്പോൾ ദൈവം തങ്ങളെ സ്വീകരിച്ചിരിക്കുന്നു എന്നുള്ളതിന്റെ അടയാളമായി അവർ രക്ഷിക്കപ്പെട്ടപ്പോൾ ഉണ്ടായതുപോലെയുള്ള വികാരങ്ങളുടെ അനുഭവങ്ങൾ ഉണ്ടാകണമെന്ന് പലരും പ്രതീക്ഷിക്കുന്നു. ഇത് ലഭിച്ചില്ല എങ്കിൽ ദൈവം തങ്ങളെ കൈക്കൊണ്ടിരിക്കുന്നുവോ എന്ന് അവർ സംശയിക്കുന്നു. യിസ്രായേൽജനം കനാൽദേശത്ത് എത്തി, അവിടെ പാർത്തതിന്റെ ശേഷവും പല സന്ദർഭങ്ങളിൽ അന്യജാതിക്കാർക്ക് അടിമകളായിത്തീർന്നിട്ടുണ്ട്. എന്നാൽ അവിടെനിന്ന് അവരെ വിടുവിച്ചുകൊണ്ടുവരുമ്പോൾ വീണ്ടും യോർദ്ദാനെ അവർക്കായി രണ്ടായി വിഭാഗിച്ചില്ല. മിസ്രയീമിൽനിന്ന് വിടുവിച്ചുകൊണ്ടുവന്നപ്പോൾ അവർക്കുണ്ടായ അനുഭവം വീണ്ടും അവർക്കുണ്ടായില്ല. ദൈവത്തോട് നിരപ്പാകുക എന്നുള്ളത് മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. നമ്മിൽ ഉണ്ടാകുന്ന വികാരങ്ങളെ ആശ്രയിക്കരുത്. കാഴ്ചയാലല്ല, വിശ്വാസത്താലത്രെ നാം നടക്കുന്നത്. അവനെ സ്നേഹിക്കുകയും ആശ്രയിക്കുകയും ചെയ്ക. അനുഗ്രഹത്തെയല്ല അനുഗ്രഹിക്കുന്നവനെയത്രെ നമുക്ക് വേണ്ടത്. "അവൻ നമുക്ക് വിശുദ്ധീകരണവും ആയിത്തീർന്നിരിക്കുന്നു." 1 കൊരി. 1:30. ഏതെല്ലാം അനുഭവങ്ങളോടുകൂടെ

ജീവിതയാത്രയിൽ നീ കാണുന്ന സിംഹങ്ങളെ കണ്ട് ഭയപ്പെടരുത്. അവ ബന്ധിക്കപ്പെട്ടവയത്രെ. ഭാവിയെക്കുറിച്ച് വ്യാകുലപ്പെടരുത്. ഇന്നത്തെ ആവശ്യങ്ങൾക്കായി അവനിൽ ആശ്രയിക്കുക. വീഴാതെ നില്ക്കുവാൻ എങ്ങനെ കഴിയും എന്നുള്ള ഭീതി സാത്താനാണ് നമ്മിൽ കൊണ്ടുവരുന്നത്. വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വന്ന വിശ്വാസി എവിടെ എങ്കിലും ഒരിക്കൽ തോറ്റുപോയാൽ അവനെ ശത്രു ഇപ്രകാരമുള്ള ഭീതികൊണ്ടാണ് പീഡിപ്പിക്കുന്നത്. "എന്നാൽ എന്റെ കൃപ നിനക്ക് മതി" എന്നുള്ള സത്യം ഓർത്തുകൊൾക.

അവൻ നമ്മിലേക്ക് വരുന്നു എന്നുള്ളതല്ല, അവൻ നമ്മിൽ വസിക്കുന്നു എന്നുള്ളതത്രെ പ്രധാനമായ കാര്യം. അവനിൽ നമുക്ക് ആവശ്യമുള്ള സകലവും ഉണ്ട് എന്നു കാണുക. അവൻ തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തിത്തരും.

ജീവിതയാത്രയിൽ നീ കാണുന്ന സിംഹങ്ങളെ കണ്ട് ഭയപ്പെടരുത്. അവ ബന്ധിക്കപ്പെട്ടവയത്രെ. ഭാവിയെക്കുറിച്ച് വ്യാകുലപ്പെടരുത്. ഇന്നത്തെ ആവശ്യങ്ങൾക്കായി അവനിൽ ആശ്രയിക്കുക. വീഴാതെ നില്ക്കുവാൻ എങ്ങനെ കഴിയും എന്നുള്ള ഭീതി സാത്താനാണ് നമ്മിൽ കൊണ്ടുവരുന്നത്. വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വന്ന വിശ്വാസി എവിടെ എങ്കിലും ഒരിക്കൽ തോറ്റുപോയാൽ അവനെ

**ധ്യാനചിന്തകൾ**

# പുതുവർഷം നൽകുന്ന സന്ദേശം

**ചീ**റിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ ഇടറുന്ന കാലടികളോടെ, ജീവൻ കയ്യിലെടുത്തു പിടിച്ച് റോഡു കുറുകെ കടക്കുന്ന വൃദ്ധൻ. ആധുനിക കാലത്തിന്റെ ഗതിവേഗവും അനിശ്ചിതത്വവും അസഹിഷ്ണുതയും നമ്മെ ഈ വൃദ്ധനെപ്പോലെ ആക്കിയിരിക്കുന്നു-എപ്പോഴും എന്തും സംഭവിക്കാം എന്ന പേടിയോടെ ഓരോ ചുവടും. ഒടുവിൽ അപകടം കൂടാതെ റോഡു കുറുകെ കടന്ന് അപ്പുറമെത്തുന്ന വൃദ്ധന്റെ ആശ്വാസമാണ് ആയുസ്സിന്റെ ഒരു വർഷം കൂടി പൂർത്തിയാക്കി പുതു വർഷത്തിലേക്കു ചുവടുവയ്ക്കുമ്പോൾ തോന്നുന്നത്.

പുതുവർഷത്തെ നീട്ടിക്കിട്ടിയ ആയുസ്സായി കണക്കാക്കണമെന്ന സന്ദേശം നൽകുന്ന ഒരു സാരോപദേശകഥ യേശു പറഞ്ഞത് സുവിശേ

---

ശത്രു ഇപ്രകാരമുള്ള ഭീതികൊണ്ടാണ് പീഡിപ്പിക്കുന്നത്. “എന്നാൽ എന്റെ കൃപ നിനക്ക് മതി” എന്നുള്ള സത്യം ഓർത്തുകൊൾക. കർത്താവ് കൃപ തന്നു നടത്തും.

ഭാവിയെക്കുറിച്ച് ഓർത്ത് മനസ്സ് കലങ്ങാൻ സമ്മതിക്കരുത്. ശത്രുവിന്റെ സകല തീയമ്പുകളെയും കെടുത്തുന്നതിന് ശക്തിയുള്ള വിശ്വാസമാകുന്ന പരിച എടുത്തുകൊൾക. ശത്രു തന്റെ തീയമ്പുകളെ അയയ്ക്കും. ‘നാളയെച്ചൊല്ലി വിചാരപ്പെടരുത്’ എന്നു പറഞ്ഞവൻ അല്ല ഭാവിയെക്കുറിച്ചുള്ള ചിന്താകുലകൾ നമ്മിലേക്ക് അയയ്ക്കുന്നത്. ആകുലചിന്തകൾ നമ്മുടെ മനസ്സിൽ കടത്തിവിടുന്നത് പിശാചാണ്. ‘‘പിശാചിനോട് എതിർത്തുനില്പ്പിൻ; അവൻ നിങ്ങളെവിട്ട് ഓടിപ്പോകും.” നമുക്ക് അറിവുള്ളടത്തോളം സകലത്തേയും യാഗപീഠത്തിന്മേൽ വയ്ക്കുക. ദൈവത്തിന്റെ അഗ്നി അതിന്റെമേൽ ഇറങ്ങുക തന്നെ ചെയ്യും. ദൈവത്തിങ്കലേക്ക് പൂർണ്ണഹൃദയത്തോടുകൂടെ മടങ്ങിവന്നാൽ അവൻ നമ്മുടെ പിൻമാറ്റത്തെ സൗഖ്യമാക്കും എന്നുള്ളത് തന്റെ വാഗ്ദത്തമത്രെ. “എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും, കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്ക് തിരിവിൻ എന്ന് യഹോവയുടെ അരുളിപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ. അവൻ കൃപയും, കരുണയും, ദീർഘക്ഷമയും മഹാദയയും ഉള്ളവനല്ലോ. അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും’’ യോവേൽ 2:12,13

❖

ഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പുതിയ വർഷത്തിന്റെ തുടക്കത്തിൽ ചിന്തിക്കുന്നതു നമുക്ക് ഒട്ടേറെ ഉൾക്കാഴ്ച നൽകും. ആ സാരോപദേശകഥ ഇങ്ങനെ:'അവൻ ഈ ഉപമ പറഞ്ഞു: ഒരുയജമാനൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നു നോക്കാൻ യജമാനൻ വന്നു. എന്നാൽ ഒന്നും കണ്ടില്ല. അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ ഫലം അന്വേഷിച്ചുവരുന്നു. ഒന്നും കാണുന്നില്ല. അതുവെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം? അതിനു കൃഷിക്കാരൻ യജമാനനോട്: യജമാനനേ, ഈ ഒരു വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിന്റെ ചുവടു കിളച്ചു വളമിടാം. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊൾക എന്നു പറഞ്ഞു. യജമാനൻ അതു സമ്മതിച്ചു.'

ഈ കഥയിലെ മുന്തിരിത്തോട്ടത്തിൽ നടപ്പെട്ട വൃക്ഷം നാമോരോരുത്തരുമാണ്. നമ്മിൽ സ്രഷ്ടാവായ ദൈവം ഫലം തിരയുന്നു. പലപ്പോഴും നമുക്കു നൽകാൻ ഫലമില്ല. ഉടനെ അതു വെട്ടിക്കളയാമെന്നാണ് സ്രഷ്ടാവായ യജമാനന്റെ ചിന്ത. എന്നാൽ നല്ല കൃഷിക്കാരനായ യേശു നമുക്കുവേണ്ടി മധ്യസ്ഥത പറയുന്നു. എങ്കിൽ ഈ വർഷം കൂടി നിൽക്കട്ടെ, ഈ വർഷം ഫലം നൽകിയില്ലെങ്കിൽ വൃക്ഷം വെട്ടിക്കളയാം എന്ന് യജമാനൻ തീർപ്പ് കൽപിക്കുന്നു. അങ്ങനെ നമ്മുടെ ആയുസ്സിനോട് ഒരു വർഷം കൂടി നീട്ടിക്കിട്ടുന്നു. ഈ സാരോപദേശകഥയിൽ നമുക്കു പ്രസക്തമായ ഏഴു കാര്യങ്ങൾ ഉണ്ട്.

ഒന്നാമത് ഇതു 'തോട്ടത്തിൽ നടപ്പെട്ട' ഒരു വൃക്ഷമാണ്. ഒരു പ്രത്യേക കാലഘട്ടത്തിൽ, പ്രത്യേക പ്രദേശത്തെ, നിർദ്ദിഷ്ട കുടുംബത്തിൽ, ഒരു പ്രത്യേക സാഹചര്യത്തിൽ ബോധപൂർവം ദൈവം നട്ട വൃക്ഷമായി നാം നമ്മെ കണക്കാക്കാറുണ്ടോ? ഇന്നത്തെ കാലഘട്ടം യാദൃച്ഛിക ജനനങ്ങളുടെ കാലമായിരിക്കാം. എന്നാൽ നാം അത്തരം 'ഒരു അപകടജനന'മല്ല. ഈ ഒരു ബോധ്യം നമ്മെത്തന്നെ അംഗീകരിക്കാൻ നമ്മെ സഹായിക്കും. പലർക്കും തങ്ങൾ ജനിച്ച കുടുംബമോ, തങ്ങളുടെ സാഹചര്യങ്ങളോ ഇഷ്ടമല്ല. അതിനെ അവർ അംഗീകരിക്കുന്നില്ല. 'ഇവിടെ ജനിച്ചുപോയല്ലോ' എന്നാണവരുടെ വിലാപം. മറ്റൊരു സാഹചര്യത്തിൽ, മറ്റൊരു സ്ഥലത്ത്, മറ്റൊരു സാഹചര്യത്തിൽ ജീവിച്ചിരുന്നെങ്കിൽ എന്ന് അവർ വൃഥാ ആശിക്കുന്നു. തങ്ങളുടെ സാഹചര്യത്തെയും തങ്ങളെത്തന്നെയും അംഗീകരിക്കാത്തതുകൊണ്ടാണിത്. എന്നാൽ 'ഞാൻ ഈ തോട്ടത്തിൽ നടപ്പെട്ട ഒരു വൃക്ഷമാണ്, ഇവിടെ ഫലം കായിക്കുകയാണ് എന്റെ ദൗത്യം, എന്ന ബോധ്യം നമ്മുടെ മാതാപിതാക്കളെ, ജീവിതപങ്കാളിയെ,കുഞ്ഞുങ്ങളെ, നമ്മെത്തന്നെ അംഗീകരിക്കാൻ നമ്മെ പ്രേരിപ്പിക്കും. അതുപോലെ തോട്ടത്തിൽ നടപ്പെട്ട വൃക്ഷത്തിന് എത്രപേർ വെള്ളം കോരിയിട്ടുണ്ടാകും! നമ്മുടെ ജനനം, വളർച്ച, നമ്മെ നാം ആക്കിയ സാഹചര്യങ്ങൾ തുടങ്ങിയവയെപ്പറ്റി ചിന്തിക്കുമ്പോൾ നാം വാസ്തവത്തിൽ എത്രപേരോടു നന്ദിയുള്ളവരായിരിക്കണം. ചിലർ പറയാറില്ലേ ആരും എന്നെ സഹായിക്കാനില്ലായിരുന്നു. ഞാൻ സ്വയം കെട്ടിപ്പടുത്ത ഒരുവനാണ്. സത്യ

യജമാനൻ വൃക്ഷത്തിൽ തിരയുന്നത് ഇലയല്ല, ഫലമാണ്. നമ്മിലെ ഫലത്തിന്റെ അഭാവത്തെ ഇലകളുടെ സമൃദ്ധി കൊണ്ടു പരിഹരിക്കാനാവില്ല. ഫലത്തിനു ഫലം തന്നെ വേണം. വൃക്ഷത്തിന്റെ അനന്യത ഇലയല്ല, ഫലമാണ്. വാക്കുകൾ ഇലകൾപോലെയാണ്, ഫലം പ്രവൃത്തിയാണ്. വെറും വാക്കുകൾ ആരുടെയും വിശപ്പടക്കുന്നില്ല. പ്രവൃത്തിയില്ലാത്ത ഒട്ടേറെ വാക്കുകൾകൊണ്ടും ആത്മീയ ഭാഷകൊണ്ടും നാം ആരെയാണു കബളിപ്പിക്കാൻ ശ്രമിക്കുന്നത്?

ത്തിൽ അങ്ങനെയൊരു സെൽഫ് മെയ്ഡ് മാൻ ഇല്ല. നാമെല്ലാം എത്രയോ പേരുടെ കരുണയുടെ, കരുതലിന്റെ, ബാക്കിപത്രമാണ്. പുതുവർഷത്തിൽ നിന്നുകൊണ്ട് പിന്നിട്ട വർഷങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തോടും മനുഷ്യരോടും നാം എത്ര കൃതജ്ഞതാനിർഭരരായിരിക്കണം!

രണ്ടാമത്, കഥയിലെ യജമാനൻ വൃക്ഷത്തിൽ തിരയുന്നത് ഇലയല്ല, ഫലമാണ്. നമ്മിലെ ഫലത്തിന്റെ അഭാവത്തെ ഇലകളുടെ സമൃദ്ധി കൊണ്ടു പരിഹരിക്കാനാവില്ല. ഫലത്തിനു ഫലം തന്നെ വേണം. വൃക്ഷത്തിന്റെ അനന്യത ഇലയല്ല, ഫലമാണ്. വാക്കുകൾ ഇലകൾപോലെയാണ്, ഫലം പ്രവൃത്തിയാണ്. വെറും വാക്കുകൾ ആരുടെയും വിശപ്പടക്കുന്നില്ല. പ്രവൃത്തിയില്ലാത്ത ഒട്ടേറെ വാക്കുകൾകൊണ്ടും ആത്മീയ ഭാഷകൊണ്ടും നാം ആരെയാണു കബളിപ്പിക്കാൻ ശ്രമിക്കുന്നത്? രണ്ടായാലും യജമാനനെ വഞ്ചിക്കാൻ കഴിയുകയില്ല.

മൂന്നാമത്, കൃഷിക്കാരൻ യജമാനനോട് അത്തിവൃക്ഷത്തിനുവേണ്ടി അപേക്ഷിക്കുമ്പോൾ താൻ അതിന്റെ ചുറ്റും കിളയ്ക്കാം എന്നാണു പറയുന്നത്. ചുറ്റും കിളച്ചാൽ മണ്ണിന്റെ ഉപരിതലത്തിലെ വേരുകൾ പൊട്ടും. നമുക്കു മറ്റുള്ളവരിൽ നിന്നു കിട്ടുന്ന ശാസനകളെയും തിരുത്തലുകളെയുമാണു ഇതു കാണിക്കുന്നത്. കിളയ്ക്കുന്നതു മരത്തിനു സ്വാഭാവികമായി ഇഷ്ടമല്ല. പക്ഷേ ഫലം കായിക്കാൻ കിളയ്ക്കൽ ആവശ്യമാണെന്നു കൃഷിക്കാരന് അറിയാം. ആസ്വാദ്യകരമായ ഫലം കായിക്കാൻ നമ്മുടെ സ്വഭാവത്തിലെ കൂർത്തുമൂർത്ത ചില വശങ്ങൾ മറ്റുള്ളവരുടെ സ്പർശനത്താൽ തകരപ്പെടേണ്ടതുണ്ട്. ഈ ഒരു ബോധ്യമുണ്ടെങ്കിൽ മാത്രമേ നമ്മുടെ സ്വയത്തെ സ്പർശിക്കുകയും നമ്മുടെ കുറവുകൾ കാണിച്ചു തരികയും ചെയ്യുന്ന ആളുകളെ നമ്മൾ വിലമതിക്കുകയും അവരെക്കുറിച്ചു നന്ദിയുള്ളവരായിരിക്കുകയും ചെയ്യുകയുള്ളൂ. വെള്ളംകോരുന്നവർ മാത്രമല്ല, കിളയ്ക്കുന്നവരും കൃഷിക്കാരന്റെ കരത്തിലെ ഇണങ്ങിയ ആയുധങ്ങളാണെന്ന ബോധ്യം നമുക്കുണ്ടോ?

നാലാമത്, കൃഷിക്കാരൻ കിളയ്ക്കുക മാത്രമല്ല, മറുവശത്തു വൃക്ഷത്തിനു സന്തോഷകരമായ നിലയിൽ വളമിടുകയുംചെയ്യുന്നു. നമുക്കു കിട്ടുന്ന പ്രോൽസാഹനങ്ങളും അംഗീകാരങ്ങളുമാണിവ. ജീവിതത്തിൽ മറ്റുള്ളവരിൽ നിന്നു തിരുത്തലുകൾ മാത്രമല്ല ഉൽസാഹിപ്പിക്കുന്ന വാക്കുകളും നമുക്കുലഭി

ക്കുന്നുവെന്നത് എത്ര സന്തോഷക രമാണ്!

അഞ്ചാമതായി, ഒരു വർഷം കൂടി നിൽക്കട്ടെ എന്ന കൃഷിക്കാരന്റെ അപേക്ഷ നമുക്കു ശ്രദ്ധിക്കാം. ഒരു വർഷം, ഫലം കായിക്കാൻ ന്യായ മായ ഒരു കാലമല്ലേ?. എന്നാൽ ഒരു വർഷം വളരെ ചുരുങ്ങിയസമയമാ യിപ്പോയി എന്നാണോ നിങ്ങളുടെ പരാതി?. അല്ല ഒരു വർഷത്തിൽ 12 മാസവും 365 ദിവസവുമുണ്ട്. 8760 മണിക്കൂറുകളാണുള്ളത്. 526600 മിനിറ്റുകളുണ്ട്. മൊത്തം 31536000 സെക്കൻഡുകളുമുണ്ടെന്നു കണക്ക്. ഫലംകായിക്കാൻ എത്രയേറെ അവ സരം.

ആറാമത്, വളരെ നിർദയമായ ഒരു നിർദേശമാണു തോട്ടക്കാരനിൽ നിന്നു നാം കേൾക്കുന്നത്.-ഫലം കായിച്ചില്ലെങ്കിൽ വെട്ടിക്കളയാം. ഉവ്വ്, ദൈവത്തിന്റെ ക്ഷമ വളരെ ദീർഘ മാണ്. പക്ഷേ അതിനും ഒരവസാന മുണ്ടെന്നു നാം ഓർക്കണം.അതു പോലെ, വൃക്ഷത്തെ വെട്ടിക്കളയാൻ ഫലം കായിക്കുന്നില്ല എന്ന ഏകകാ രണം മാത്രമല്ല യജമാനനുള്ളത്. അതു നിലത്തെ നിഷ്ഫലമാക്കുന്നു എ ന്നൊരു കുറ്റംകൂടെ യജമാനൻ ഉന്നയിക്കുന്നുണ്ട്. നാം ഫലം കൊടു ക്കാതെ തോട്ടത്തിൽ നിന്നാൽ നാം കായിക്കുന്നില്ലെന്നു മാത്രമല്ല, മറ്റൊ രാളുടെ സാധ്യതകൂടെ നഷ്ടപ്പെടു ത്തുകയാണ്.

ഒടുവിലായി, ഏഴാമതായി, ഈ കഥ അവസാനിക്കുന്നത് വളരെ പ്രതീക്ഷയോടെയാണ്-മേലിൽ കായിച്ചെങ്കിലോ! ഫലം നൽകാതെ നിലത്തെ നിഷ്ഫലമാക്കി നിൽക്കുന്ന വൃക്ഷം നീട്ടിക്കിട്ടിയ വർഷത്തിൽ പൊടുന്നനെ തളിരിട്ട്, പൂവിട്ടു, ഫലം കായിക്കാൻ തുടങ്ങി യാൽ അത് യജമാനന്റെയും കൃഷി ക്കാരന്റെയും ഹൃദയത്തെ എത്ര മേൽ ആഹ്ലാദിപ്പിക്കും. സത്യത്തിൽ അവർക്ക് ആഹ്ലാദം നൽകുമ്പോ ഴല്ലേ വൃക്ഷത്തിന്റെ ദൗത്യം പൂർത്തി യാകുന്നതും ജീവിതം ധന്യമാകു ന്നതും.

പുതുവർഷത്തിൽ എത്രവലിയ സാധ്യതയാണു നമുക്കുള്ളത്! ❖

## തൽസമയത്ത് കൃപ

**നാസി** തടങ്കൽ പാളയത്തിൽ ക്രിസ്തുവിനുവേണ്ടി കഷ്ടം അനുഭ വിച്ച പ്രശസ്തയായ കോറി ടെൻബൂം തന്റെ ചെറുപ്പത്തിലെ ഒരനു ഭവം ഇങ്ങനെ വിവരിക്കുന്നുണ്ട്.

"ഞാൻ ഒരു കൊച്ചു കുട്ടിയായിരുന്നപ്പോൾ ഞാൻ പിതാവിന്റെ അടുത്തു ചെന്ന് ഇങ്ങനെ പറഞ്ഞു: ഡാഡീ, ഒരു പക്ഷേ ക്രിസ്തുവി നുവേണ്ടി കഷ്ടം സഹിക്കാനും രക്തസാക്ഷിയാകാനും എനിക്ക് ശക്തി യില്ല എന്നെനിക്കു തോന്നുന്നു".

പിതാവിന്റെ മറുപടി ഇങ്ങനെ: 'മോളേ., നീ ആംസ്റ്റർഡാമിലേക്ക് ഒരു യാത്ര പോകുന്നുവെന്നിരിക്കട്ടെ. ഞാൻ നിനക്ക് ട്രെയിൻ ടിക്കറ്റിനുള്ള പണം എപ്പോഴാണ് തരിക? ഒരു വർഷംമുമ്പ്? അതോ ഒരു മാസം മുമ്പോ? അതോ മൂന്നാഴ്ച മുമ്പോ?"

'ഇല്ല ഡാഡി... ട്രെയിൻ വിടുന്നതിനു തൊട്ടുമുമ്പായിരിക്കും ടിക്കറ്റു വാങ്ങാനുള്ള പണം ഡാഡി തരിക' കോറി ടെൻബൂം പറഞ്ഞു.

'സ്വർഗ്ഗസ്ഥനായ പിതാവും ഇതുപോലെയാണ്. നാം പ്രയാസത്തി ലേക്ക് കടക്കുന്നതിനു തൊട്ടുമുമ്പ് വേണ്ട ശക്തിയും കൃപയും തരും.'



*ബൈബിളിലൂടെ........*

## 2 തിമൊഥെയോസ്

# യഥാർത്ഥ ദൈവഭൃത്യനും തന്റെ ശുശ്രൂഷയും

**പൗ**ലൊസ് എഴുതിയ അവസാന ലേഖനമാണിത്. താൻ അധികം താമസിക്കാതെ ഈ ലോകം വിട്ടു കർത്താവിനോടു കൂടെ ചേരുവാൻ പോവുകയാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. തെസ്സലോനിക്യർക്കുള്ള ഒന്നാം ലേഖനം എഴുതിയപ്പോൾ അദ്ദേഹം പറഞ്ഞത്. "പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം അവനോടു കൂടെ എടുക്കപ്പെടും" എന്നാണ്. കർത്താവ് മടങ്ങി വരുമ്പോൾ താൻ ജീവനോടെ കാണും എന്നാണ് ആ സമയം പൗലൊസ് കരുതിയിരുന്നത്. അങ്ങനെ ആയിരിക്കണം എല്ലാ ക്രിസ്ത്യാനികളും ജീവിക്കേണ്ടത്. എന്നാൽ 12 വർഷത്തിനു ശേഷം തന്റെ അവസാന ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു: "എന്റെ വേർപാടിന്റെ സമയം അടുത്തിരിക്കുന്നു" (2 തിമോ 4:6)

തിമൊഥെയോസിനുള്ള രണ്ടാം ലേഖനത്തിന്റെ വിഷയം 'ഒരു യഥാർത്ഥ ദൈവദാസനും തന്റെ ശുശ്രൂഷയും' എന്നാണ്. തിമൊഥെയോസിനും തീത്തോസിനും വേണ്ടിയുള്ള പൗലൊസിന്റെ അവസാന മൂന്നു ലേഖനങ്ങളുടെയും അടിസ്ഥാനവിഷയവും ഇതു തന്നെയാണ്. ദൈവജനത്തിനു നല്ല ഇടയന്മാരായ നേതാക്കന്മാരുടെ ഒരു പുതിയ തലമുറയെ ഒരുക്കുക എന്നതായിരുന്നു പൗലൊസിന്റെ അവസാനനാളുകളിലെ ഹൃദയഭാരം. തന്റെ ജീവിതത്തിലേക്കു തന്നെയാണ് പൗലൊസ് അവരെ കൊണ്ടുവന്നത്. പൗലൊസ് എല്ലായ്പ്പോഴും തന്റെ ജീവിതം തന്നെ ഒരു ഉദാഹരണമായി ചൂണ്ടിക്കാണിച്ചിരുന്നു. എഫെസോസിലെ മൂപ്പന്മാരോട് സംസാരിച്ചപ്പോൾ അദ്ദേഹം "ഞാൻ നിങ്ങളോട് പ്രസംഗിച്ച പ്രസംഗങ്ങൾ ഓർക്കുക" എന്നല്ല പറഞ്ഞത്. എന്നാൽ "ഞാൻ എങ്ങനെ നിങ്ങളുടെ ഇടയിൽ ജീവിച്ചു എന്നു ഓർക്കുക" എന്നാണ് പറഞ്ഞത് (പ്രവൃത്തി 20:19, 33-35). ഇവിടെ തിമൊഥെയോസിനോടും അതുതന്നെ പറയുന്നു: "എന്റെ പിതാക്കന്മാർ ചെയ്തതുപോലെ നിർമ്മല മനസാക്ഷിയോടെ ഞാൻ സേവിക്കുന്ന ദൈവത്തിനു സ്ത്രോത്രം ചെയ്യുന്നു." (1:3) പൗലൊസ്

എല്ലാം തികഞ്ഞവനായിരുന്നില്ല. എന്നാൽ തന്റെ അറിവിനനുസരിച്ചും തന്റെ മനസ്സാക്ഷിക്കനുസരിച്ചും അദ്ദേഹം ദൈവമുമ്പാകെ നേരോടെ ജീവിച്ചു. പൗലൊസ് പിന്നീട് തിമൊഥെയോസിനെ ഉത്സാഹിപ്പിച്ച് നില നിർത്തുവാൻ വേണ്ട വചനങ്ങളാണ് പറയുന്നത്. കാരണം പൗലൊസിന്റെ ഹൃദയത്തിനു വലിയ സന്തോഷം നൽകിയ ഒരു സഹപ്രവർത്തകനായിരുന്നു തിമൊഥെയോസ്. സഭകളിലെ പല വിശ്വാസികളും പൂർണ്ണ ശിഷ്യത്വത്തിലേയ്ക്കു കടന്നിട്ടില്ലാത്തതിനാൽ പൗലൊസിനു അവരെക്കുറിച്ച് നിരാശയുണ്ടായിരുന്നു. തന്റെ സഹപ്രവർത്തകരിൽ ചിലരെക്കുറിച്ചും പൗലൊസ് നിരാശനായിരുന്നു. കാരണം അവർ ദൈവത്തിനായി പൂർണ്ണസമർപ്പണത്തോടെയല്ല ജിവിച്ചത്. അതേ നിരാശ ഏതൊരു ദൈവദാസനും ഇന്നും നേരിടുന്നതാണ്. പൗലൊസിനെ പോലെ ഒരാൾക്കു താൻ സ്ഥാപിച്ച സഭകളെക്കുറിച്ച് നിരാശ തോന്നിയെങ്കിൽ നമ്മൾക്കു അതിനേക്കാൾ മികച്ചതായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഞാൻ സഭകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ചിലതിൽ നടക്കുന്ന കാര്യങ്ങൾ കാണുമ്പോൾ എനിക്കു നിരാശ തോന്നാറുണ്ട്. എനിക്കു സഹപ്രവർത്തകരുണ്ട്. ഈ സഹപ്രവർത്തകരിൽ ചിലരുടെ ജീവിതത്തിൽ കാണുന്ന ചില കാര്യങ്ങൾ എന്നെ നിരാശപ്പെടുത്തുന്നു. അവിടെയും ഇവിടെയും ആയി തിമൊഥെയോസിനെപ്പോലെ ഒരു കാര്യത്തിലും സ്വന്ത താല്പര്യം നോക്കാത്ത ചിലരെ കാണുന്നുണ്ട്. അങ്ങനെയുള്ളവർ ഒരു ദൈവദാസന്റെ ഹൃദയത്തിനു വലിയ സന്തോഷം നൽകുന്നു.

**തന്റെ ശുശ്രൂഷയെ അടുത്ത തലമുറയിലേയ്ക്കു കൊണ്ടുപോകുവാൻ കഴിവുള്ള തന്നെ പോലെ ചിലരെ കണ്ടെത്തിയത് പൗലൊസിനെ ആവേശഭരിതനാക്കി. ഒരു ദൈവദാസന്റെ ജീവിതാവസാനം തനിക്ക് ഏറ്റവും സന്തോഷം നൽകുന്നത് തന്റെ ശുശ്രൂഷയെ മുന്നോട്ട് കൊണ്ടുപോകുവാൻ തന്നെപ്പോലെ ഒരു സമർപ്പണമുള്ള ചിലരെ കണ്ടെത്തുന്നതാണ്. തിമൊഥെയോസ് അങ്ങനെ ഒരുവനായിരുന്നു.**

തന്റെ ശുശ്രൂഷയെ അടുത്ത തലമുറയിലേയ്ക്കു കൊണ്ടുപോകുവാൻ കഴിവുള്ള തന്നെ പോലെ ചിലരെ കണ്ടെത്തിയത് പൗലൊസിനെ ആവേശഭരിതനാക്കി. ഒരു ദൈവദാസന്റെ ജീവിതാവസാനം തനിക്ക് ഏറ്റവും സന്തോഷം നൽകുന്നത് തന്റെ ശുശ്രൂഷയെ മുന്നോട്ട് കൊണ്ടുപോകുവാൻ തന്നെപ്പോലെ ഒരു സമർപ്പണമുള്ള ചിലരെ കണ്ടെത്തുന്നതാണ്. തിമൊഥെയോസ് അങ്ങനെ ഒരുവനായിരുന്നു. അതിനാലാണ് പൗലൊസ് ഇങ്ങനെ എഴുതിയത്– "എന്റെ പ്രാർത്ഥനയിൽ നിരന്തരം നിന്നെ ഓർക്കുന്നു, നിന്റെ കണ്ണുനീരു ഓർക്കുമ്പോൾ നിന്നെ ഒന്നു കാണുവാൻ ഞാൻ വാഞ്ച്ഛിക്കുന്നു." പൗലൊസ് തിമൊഥെയോസിനെ കണ്ട അവസാന സന്ദർഭമാ

യിക്കണം ഇത്. താൻ ഇനി അവനെ കാണുകയില്ല എന്നു പൗലൊസ് കരുതിയിരിക്കണം.

തിമൊഥെയോസിന്റെ വല്യമ്മ ലോവീസ് ആണ് അവരുടെ കുടുംബത്തിൽ നിന്നും ആദ്യം വിശ്വാസത്തിലേയ്ക്കു വന്നത് (1:5) അവളുടെ വിശ്വാസം അവന്റെ അമ്മ യൂണീക്കയിലേക്കു പകർന്നുകിട്ടി. അമ്മയിൽ നിന്നും അതു പിന്നീട് തിമൊഥെയോസിലേയ്ക്കും പകരപ്പെട്ടു. ആ വല്യമ്മ തന്റെ മക്കൾക്കു പകർന്നു നൽകിയത് വിശ്വാസമാണ് അല്ലാതെ വചന പരിജ്ഞാനമല്ല. ആ അമ്മ അതേ വിശ്വാസം, തന്റെ വിശ്വാസം തന്റെ മകനായ തിമൊഥെയോസിനു നൽകി. അതിന്റെ അർത്ഥം തന്റെ അമ്മ നേരിട്ട പല പ്രയാസങ്ങളുടേയും ശോധനകളുടേയും നടുവിൽ അവർ ദൈവത്തിൽ ആശ്രയിക്കുന്നത് കണ്ടാണ് തിമൊഥെയോസ് വളർന്നത് എന്നാണ്. നിങ്ങളുടെ പരിശോധനയുടെ സമയത്ത് നിങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നതു നിങ്ങളുടെ മക്കൾ കണ്ടിട്ടുണ്ടോ? അങ്ങനെയാണ് അവരിലേയ്ക്കു വിശ്വാസം പകരുവാൻ നിങ്ങൾക്കു കഴിയുന്നത്. അതിനാലാണ് ദൈവം ചില കഠിന ശോധനകൾ നിങ്ങൾക്കു നൽകുന്നത്. വളരെ ചെറിയ പ്രായത്തിൽ തന്നെ നിങ്ങളുടെ മക്കൾ ഒരു കാര്യം അറി



*നിങ്ങളുടെ മകനെ ഒരു നാൾ ദൈവം തന്റെ അപ്പോസ്തലൻ ആക്കുമോ എന്ന് എങ്ങനെ അറിയാം? അങ്ങനെയൊരു പദ്ധതി ദൈവത്തിനുണ്ടെങ്കിൽ അവനെ എങ്ങനെ നിങ്ങൾ വളർത്തുന്നു എന്നതിനെ ആശ്രയിച്ചാണതിരിക്കുന്നത്.*

യണം. "എന്റെ മാതാവ് അവളുടെ പ്രയാസ സമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞാൻ രോഗിയായിരുന്നപ്പോൾ എന്റെ പിതാവ് എന്റെ തലയിൽ കൈവച്ച് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചു" ആ ചെറിയ കുട്ടികൾ വളർന്നു ഭവനം വിട്ട് പോയി കഴിയുന്ന വേളയിൽ അവർക്കൊരു പ്രയാസം നേരിടുമ്പോൾ അവരുടെ അപ്പനും അമ്മയും ചെയ്തതു തന്നെ അവരും ചെയ്യും. യേശുവിന്റെ നാമത്തിൽ അവർ ദൈവത്തോട് പ്രാർത്ഥിക്കും. അങ്ങനെയാണ് നാം വിശ്വാസം അവരിലേയ്ക്കു പകരുന്നത്. നാം അവരോട് തീർച്ചയായും വേദപുസ്തകകഥകൾ പറയണം. അങ്ങനെ മാത്രമേ അവർക്കു ദൈവവചനത്തിൽ അറിവുണ്ടാകൂ. എന്നാൽ അതോടൊപ്പം വിശ്വാസവും അവർക്കു പകർന്നു കൊടുക്കണം. തന്റെ ഈ ചെറിയ മകൻ വളർന്നു വരുമ്പോൾ 'യേശുക്രിസ്തുവിന്റെ മഹാനായ ഒരു അപ്പോസ്തലൻ' ആയി മാറും എന്നു യൂണീക്ക അല്പം പോലും അറിഞ്ഞിരുന്നില്ല. തിമൊഥെയോസിനു ഇരുപത് വയസ്സുള്ളപ്പോഴാണ് പൗലൊസ് അവനെ തന്റെ കൂട്ടുവേലക്കാരനായി തിരഞ്ഞെടുത്തത്. എത്രവലിയ കാര്യമാണ് ആ അമ്മ സഭയ്ക്കുവേണ്ടി തന്റെ ഭവനത്തിൽ ചെയ്തത്! നിങ്ങൾക്കും അതുപോലെ നിങ്ങളുടെ മക്കളെ അവരുടെ ചെറുപ്രായത്തിൽതന്നെ ദൈവത്തിൽ ആശ്രയിക്കുന്നവരായി വളർത്തിക്കൊണ്ടു വരുവാൻ സാധിക്കും.

തിമൊഥെയോസിന്റെ പിതാവ് ഒരു ഗ്രീക്കുകാരനായിരുന്നു (പ്രവൃ. 6:3). യുണീക്ക ദൈവഭക്തയായ ഒരു യെഹൂദ സ്ത്രീയുടെ മകളായിരുന്നു. എങ്കിലും യുണീക്ക ദൈവത്തിൽ നിന്നും അകന്നു ന്യായപ്രമാണം ലംഘിച്ച് ഒരു പുറജാതിക്കാരനെ വിവാഹം കഴിച്ചു. പിന്നീട് ഒരു പക്ഷേ അവൾ അനുതപിച്ച് മടങ്ങി വന്നിരിക്കാം. അവളുടെ ഭർത്താവ് ധനികനായ ഒരു വ്യവസായി ആയിരുന്നിരിക്കാം. അതിനാൽ തന്നെ തന്റെ മകനെ ദൈവവചനത്തിൽ വളർത്തുന്നതിനുള്ള താല്പര്യമോ സമയമോ അയാൾക്കുണ്ടായിരുന്നില്ല. അതിനാൽ യുണീക്ക തനിയെ വേണമായിരുന്നു തിമൊഥെയോസിനെ വളർത്തേണ്ടിയിരുന്നത്. എങ്കിലും ആദ്യ നൂറ്റാണ്ടിലെ ഏറ്റവും നല്ല അപ്പോസ്തലന്മാരിൽ ഒരുവ

ഒന്നാം തലമുറയിലെ ക്രിസ്ത്യാനികൾ വിശ്വാസത്തിലും ദൈവത്തോടുള്ള സമർപ്പണത്തിലും അവരുടെ ഭവനത്തിൽ വളരുന്ന രണ്ടാം തലമുറയേക്കാൾ ശക്തരായിട്ടാണ് നാം പൊതുവേ കാണുന്നത്. എന്നാൽ തിമൊഥെയോസ് അങ്ങനെ ആയിരുന്നില്ല. അവൻ ദൈവത്തിനായി സമർപ്പിക്കപ്പെട്ട മൂന്നാം തലമുറയിലെ ഒരു വിശ്വാസി ആയിരുന്നു. അതിനാൽ തങ്ങളുടെ മാതാപിതാക്കന്മാരേക്കാൾ ദൈവത്തോടു സമർപ്പണമുള്ളവർ രണ്ടാം തലമുറയിലും മൂന്നാം തലമുറയിലും ഉണ്ടാകും.

ഒരിക്കൽ യഥാർത്ഥമായി അഭിഷേകം ലഭിച്ചവർ ഒരു വർഷത്തിനു ശേഷം ആത്മീയ മരണം പ്രാപിച്ച തായി ഞാൻ കണ്ടിട്ടുണ്ട്. അഗ്നികെട്ടുപോയി. ലോക മോഹവും നിഗളവും അവ രുടെ അഗ്നിയെ കെടുത്തി കളഞ്ഞു. അവർ പണ ത്തിനും സുഖഭോഗങ്ങളു ടേയും പിന്നാലെ പോകുന്ന തിനാൽ ദൈവത്തിനായുള്ള അഗ്നിയെ നഷ്ടപ്പെടുത്തിയി രിക്കുന്നു. ഇത് സങ്കടക രവും ദൈവരാജ്യത്തിന് വലിയ നഷ്ടവുമാണ്.

നായി തീരുവാൻ തക്കവണ്ണം ദൈവിക വഴിയിൽ തന്റെ മകനെ വളർത്തുവാൻ അവൾക്കു കഴിഞ്ഞു. മാനസാന്തരപ്പെടാത്ത ഭർത്താക്കന്മാരുള്ള ഭാര്യമാർക്ക് എത്ര നല്ല ഒരു മാതൃകയാണ് യുണീക്ക! നിങ്ങളുടെ നാലു വയസ്സുകാരനായ മകനെ ഒരു നാൾ ദൈവം യേശുക്രിസ്തുവിന്റെ അപ്പോസ്തലനാക്കുമോ എന്നു എങ്ങനെ അറിയാം? അങ്ങനെ ഒരു പദ്ധതി ദൈവത്തിനുണ്ടെങ്കിൽ അമ്മ എന്ന നിലയിൽ അവനെ എങ്ങനെ നിങ്ങൾ വളർത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. ചെറുപ്രായത്തിൽ ദൈവവിശ്വാസം എങ്ങനെ പകർന്നു കൊടുക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. സഭയിലുള്ള ആരേ കുറിച്ചും ദൂഷണം പറയുന്നത് അവൻ കേൾക്കരുത്. അതുപോലെ തന്നെ നിങ്ങൾ ഭവനത്തിൽ പിറുപിറുക്കുന്നതും പരാതി പറയുന്നതും അവൻ കാണരുത്. അത് അവനെ നശിപ്പിക്കും.

ഞാൻ മറ്റു വിശ്വാസികളെക്കുറിച്ച് എന്തെങ്കിലും കുറ്റം പറയുന്നത് എന്റെ മക്കൾ ഒരിക്കലും കേൾക്കരുതെന്നു ഞാൻ ശ്രദ്ധിച്ചിരുന്നു. അവർക്കു കുഷ്ഠമോ ക്ഷയമോ പോലുള്ള രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതുപോലെ ഞാൻ അത് ശ്രദ്ധിച്ചു. എന്റെ മക്കൾക്ക് ഒരിക്കലും മറ്റ് വിശ്വാസികളോട് തെറ്റായ ഒരു മനോഭാവം ഉണ്ടാകരുതെന്നും ഞാൻ ആഗ്രഹിച്ചു. നാം ഭവനത്തിൽ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലൂടെ കടന്നു പോകുന്നത് കാണുന്ന നമ്മുടെ മക്കളിലേയ്ക്ക് അതിലൂടെ വിശ്വാസം പകർന്നു നൽകുവാൻ നമുക്കു കഴിയും. ഇതാണ് അവർക്കു വേണ്ടി നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം

ഒന്നാം തലമുറയിലെ ക്രിസ്ത്യാനികൾ വിശ്വാസത്തിലും ദൈവത്തോടുള്ള സമർപ്പണത്തിലും അവരുടെ ഭവനത്തിൽ വളരുന്ന രണ്ടാം തലമുറയേക്കാൾ ശക്തരായിട്ടാണ് നാം പൊതുവേ കാണുന്നത്. എന്നാൽ തിമൊഥെയോസ് അങ്ങനെ ആയിരുന്നില്ല. അവൻ ദൈവത്തിനായി സമർപ്പിക്കപ്പെട്ട മൂന്നാം തലമുറയിലെ ഒരു വിശ്വാസി ആയിരുന്നു. അതിനാൽ തങ്ങളുടെ മാതാപിതാക്കന്മാരേക്കാൾ ദൈവത്തോടു സമർപ്പണമുള്ളവർ രണ്ടാം തലമുറയിലും മൂന്നാം തലമുറയിലും ഉണ്ടാകും.

എന്നാൽ തിമൊഥെയോസിനു വിശ്വാസത്തിൽ ഉപരി ആത്മീയ വശ

*(ശേഷം പേജ് 42 ൽ)*

ക്രൂശിന്റെ പാത അനുഗ്രഹത്തിന്റെ പാത-III

# പുനരുത്ഥാന ജീവിതത്തിലേക്കുള്ള വഴി

*(കഴിഞ്ഞ ലക്കം തുടർച്ച)*

**ക**ഠിനമായും നിന്ദ്യമായും നിങ്ങൾ അപമാനിക്കപ്പെട്ടിട്ടുണ്ടോ? നിങ്ങൾ ക്രൂശു വഹിക്കുന്നെങ്കിൽ കുറ്റപ്പെടുത്തുന്നവരോട് അതേസ്വരത്തിൽ മറുപടി പറയാതവണ്ണം നിങ്ങളുടെ നാവിനെ ബന്ധിക്കുവാനും, ഒരു ചുട്ട മറുപടിഎഴതാതവണ്ണം നിങ്ങളുടെ കൈകൾക്കു ചങ്ങലയിടുവാനും പരിശുദ്ധാത്മാവിനെ അനുവദിക്കാൻ നിങ്ങൾ ഒരുക്കമായിരിക്കും. കൂടാതെ വിദ്വേഷത്തിനു പകരം സ്നേഹവും, ശാപത്തിനു പകരം അനുഗ്രഹവും, ക്രുരതയ്ക്കുപകരം ദയയും തിരിയെക്കൊടുക്കുവാൻ പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കും. നിങ്ങളുടെ സ്നേഹിതരും നിങ്ങളുടെ ക്ഷതമേറ്റ സ്വയം തന്നെയും ഇതുപോലെ ഒരു അപമാനം അതേപടി സ്വീകരിക്കരുതെന്നും, മറ്റവൻ അപമാനിച്ചിട്ടു രക്ഷപെടാൻ അനുവദിക്കരുതെന്നും നിങ്ങളോട് ഉപദേശിക്കും. എന്നാൽ പരിശുദ്ധാത്മാവു നിങ്ങളെ ക്രുശിന്റെ പാത ചൂണ്ടിക്കാട്ടിക്കൊണ്ടു പറയും: "അരുത്, ഒന്നും ചെയ്യരുത്, ഒന്നും പറയരുത്. അതിനു പകരം നിന്നിൽ കൂടി ഞാൻ ആ മനുഷ്യനെ സ്നേഹിക്കട്ടെ."

ഏതു ശബ്ദം നിങ്ങൾ അനുസരിക്കും? ഈ പാപലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഇതുപോലെയുള്ള സാഹചര്യങ്ങളെ ഓരോ ദിവസവും, എന്തിന്, ദിവസം പല പ്രാവശ്യം തന്നെയും, നിങ്ങൾ അഭിമുഖീകരിക്കും. വിശ്വാസികളിൽനിന്നുപോലും പ്രകോപനങ്ങൾ ഉണ്ടായേക്കാം. അങ്ങനെയുള്ള ഓരോ സന്ദർഭത്തിലും രണ്ടു പാത മാത്രമേ നിങ്ങളുടെ മുമ്പിലുള്ളു എന്നോർക്കുക. ഒന്നുകിൽ നിങ്ങൾ സ്വമേധയാ നിങ്ങൾക്കുതന്നെ മരണം സ്വീകരിക്കും. അല്ലെങ്കിൽ നിങ്ങളുടെ കർത്താവിനെ നിങ്ങൾ പുതുതായി ക്രൂശിക്കും. ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കാൻ ലോകത്തിനു കഴികയില്ല. എന്നാൽ വിശ്വാസികൾക്ക് അങ്ങനെ ചെയ്യാൻ കഴിയുമെന്ന് ഒരു സൂചനയുണ്ട് (എബ്രാ. 6 : 6). നമ്മുടെ ജീവിതത്തിൽ ക്രൂശു സ്വീകരിക്കുവാൻ വിസമ്മതിക്കുന്ന ഓരോ പ്രാവശ്യവും നാം ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നു. അങ്ങനെയുള്ള ഓരോ സന്ദർഭത്തിലും ക്രൂശിന്റെ പാത സ്വീകരിക്കുന്നതിനു നാം വിസമ്മതിക്കുന്നതാണു ക്രിസ്തീയ ജീവിതത്തെ തളർത്തിക്കളയുന്നത്. ആ സന്ദർഭത്തിൽ, അവിടെ , ക്രൂശിനെ സ്വീകരിക്കുക; അങ്ങനെ നമ്മുടെ ജീവിതത്തെ നാം സന്തോഷത്താൽ നിറയ്ക്കുക മാത്രമല്ല, ആത്മീയമായി വലിയ ഫലപ്രാപ്തിക്കായി നാം വഴി

ക്രൂശിന്റെ ദൂതിനു പ്രകാശമാനമായ ഒരു വശവും ഉണ്ട്. അതു ക്രൂശ് അതിൽതന്നെ ഒരു അന്തമല്ല എന്നതാണ്. പുനരുത്ഥാനത്തിലേക്കുള്ള ഒരു പാതയാണ് ക്രൂശ്. വാസ്തവത്തിൽ പുനരുത്ഥാന ജീവിതത്തിലേക്കുള്ള ഒരേയൊരു പാതയാണത്. ക്രൂശിന്റെ പ്രവർത്തനം സ്വീകരിക്കാൻ താൽപര്യമുള്ളവരൊക്കെയും അവരുടെ മുമ്പിൽ ഒരു സന്തോഷം പ്രതീക്ഷിക്കുന്നു. നിലത്തുവീണ് ചാകുന്നതായ ഗോതമ്പുമണി എന്നും അവിടെ ശേഷിക്കുകയില്ല.

യൊരുക്കുകയും ചെയ്യും. ഈ വിധത്തിൽ ക്രൂശു വഹിക്ക എന്നുവച്ചാൽ ഇനി ഒരിക്കലും ഒരു കാര്യത്തിൽ പോലും നമ്മുടെ ഹിതം വേണ്ട, ദൈവഹിതം മാത്രം നിറവേറട്ടെ എന്നു നാം ഇച്ഛിക്കുന്നു എന്ന് അർത്ഥമാണെന്ന് ആവർത്തിക്കട്ടെ. ഗെത്സമനെയിൽ "എങ്കിലും എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം പോലെയാകട്ടെ'' എന്നു യേശു പ്രാർത്ഥിച്ചപ്പോൾ ഇതു സൂചിപ്പിച്ചിരുന്നു. "എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം'' (എഫേ. 5 : 24) എന്നു പറഞ്ഞു ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യം വിവാഹബന്ധത്തിൽക്കൂടി പൗലൊസ് വിശദീകരിക്കുമ്പോഴും ഇതാണു സൂചിപ്പിച്ചിരിക്കുന്നത്. ഈ വിധേയത്വത്തിന്റെ അർത്ഥമെന്താണ്? ഇനിമേൽ ക്രിസ്തുവിന്റെ ഹിതം മാത്രം ചെയ്യുവാൻ തക്കവണ്ണം നമ്മുടെ ഇച്ഛകളുടെ ക്രൂശീകരണം എന്നു മാത്രമാണ് അതിന്റെ അർത്ഥമെന്നു തീർച്ചയാണ്. ഇതായിരുന്നു ക്രിസ്തു ക്രൂശിലേക്കു പോയപ്പോൾ പ്രദർശിപ്പിച്ച മനോഭാവം. ക്രൂശിലെ അന്ധകാര ശക്തികളെ തുരത്തുവാൻ അവനു സാധിച്ചത് ഈ ആത്മാവിനാലാണ്.

അതുമൂലം നിങ്ങളുടെ ഇച്ഛകളോട് ഇല്ല എന്നു വീണ്ടും വീണ്ടും പറയേണ്ടതായി വരുമെങ്കിലും, ക്രിസ്തുവിന്റെ ഇഷ്ടം മാത്രം ആഗ്രഹിക്കേണ്ടതിനു നിങ്ങളെതന്നെ അവനു കീഴ്പ്പെടുത്തിക്കൊടുത്തിട്ടുണ്ടോ? ദൈവേഷ്ടം ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ പാതയിൽ എപ്പോഴും ഒരു ക്രൂശുണ്ടായിരിക്കും.

കൂടാതെ, മരണം മനുഷ്യനെ ഈ ലോകത്തിൽനിന്നു വേറൊരു ലോകത്തിലേക്കു സ്ഥലംമാറ്റും; അതുപോലെ ക്രൂശിനെ സ്വീകരിച്ചാൽ അതു വിശ്വാസിയെ ക്രിസ്തുവിന്റെ രാജ്യത്തിലാക്കുന്നതാണ് (കൊലോ. 1 : 13). ഉടനെ തന്നെ ഈ ലോകത്തെ വേറൊരു നിലപാടിൽനിന്ന്, നവീനമായ ഒരു മൂല്യബോധത്തോടുകൂടി അവൻ വീക്ഷിച്ചുതുടങ്ങുന്നു. ഇപ്പോൾ പണം, വസ്തുവകകൾ, ആളുകൾ ഇവയെല്ലാം ക്രൂശിന്റെ വെളിച്ചത്തിൽ, നിത്യതയുടെ വെളിച്ചത്തിൽ, ദൈവരാജ്യത്തിന്റെ വെളിച്ചത്തിൽ, വീക്ഷിക്കപ്പെടുന്നു. ഇനിമേൽ താൻ മനുഷ്യരെ കാണുന്നതു ധനികരെന്നോ ദരിദ്രരെന്നോ, ചെറിയവരെന്നോ വലിയവരെന്നോ, അവരുടെ സാമുദായികനിലവാരത്തിൽ വ്യത്യസ്തരായിട്ടല്ല. അവരെയെല്ലാം ആത്മാക്കൾ എന്ന നിലയിലും ക്രിസ്തു നൽകുന്ന വെളിച്ചത്തിലുമാണ്

കാണുന്നത് (2 കൊരി. 5 : 16).

അങ്ങനെയൊരുവനു പണത്തിനോടും വസ്തുവകകളോടും പഴയ ആകർഷണം തോന്നുകയില്ല. നേരേ മറിച്ച്, നിത്യമായ വസ്തുക്കൾ കൂടുതൽ ശോഭയോടെ വിളങ്ങുന്നു. സർവലോകവും അതിലുള്ളതും ഇപ്പോൾത്തന്നെ ദൈവത്താൽ ന്യായം വിധിക്കപ്പെട്ടതാകയാൽ ഒരു നാളിൽ അഴിഞ്ഞുപോകുന്നവയായി വിശ്വാസി കാണുന്നു. ഇനിമേൽ അവൻ ജീവിക്കുന്നതു ദൈവഹിതം ചെയ്യുന്നതിനും സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നതിനും മാത്രമാണ് (1 യോഹ. 2 : 17; 1 പത്രോ. 4 : 1–3). ഒരു അവിശ്വാസി ലൗകികദൃഷ്ടികളിലൂടെ മനുഷ്യരെയും വസ്തുക്കളെയും വീക്ഷിക്കുന്നതുപോലെ ഒരു വിശ്വാസി നോക്കുന്നതു പരിതാപകരമാണ്. അങ്ങനെ വീക്ഷിക്കുന്നവൻ യേശു ക്രിസ്തുവിന്റെ ക്രൂശിന്റെ ശരിയായ അർത്ഥം ഒരിക്കലും മനസിലാക്കിയിട്ടില്ല എന്നുസാരം.

സ്വയം പരിശോധിക്കാൻ നിങ്ങൾ മുതിരുമോ? എത്രമാത്രം കുറവുള്ളവനാണു നിങ്ങളെന്നു അറിയുവാൻ നിങ്ങൾക്കു താൽപര്യമുണ്ടോ? മത്താ. 5, 6, 7 അധ്യായങ്ങൾ വായിക്കുക. അനുസരിക്കേണ്ടതാണെന്നു നിങ്ങൾ ചിന്തിക്കുകപോലും ചെയ്യാത്ത കൽപനകൾ ഇവയിൽ എത്രയുണ്ടെന്നു സത്യസന്ധമായി നിങ്ങളോടുതന്നെ ചോദിക്കുക.

**ക്രൂശ് വിജയം കൈവരുത്തുന്നു**

നാം പറഞ്ഞുകൊണ്ടിരിക്കുന്നതെല്ലാം വിഷാദകരമാണെന്നു തോന്നുന്നുണ്ടോ? ക്രൂശിന്റെ ദൂതിനു പ്രകാശമാനമായ ഒരു വശവും ഉണ്ട്. അതു ക്രൂശ് അതിൽതന്നെ ഒരു അന്തമല്ല എന്നതാണ്. പുനരുത്ഥാനത്തിലേക്കുള്ള ഒരു പാതയാണ് ക്രൂശ്. വാസ്തവത്തിൽ പുനരുത്ഥാന ജീവിതത്തിലേക്കുള്ള ഒരേയൊരു പാതയാണത്. ക്രൂശിന്റെ പ്രവർത്തനം സ്വീകരിക്കാൻ താൽപര്യമുള്ളവരൊക്കെയും അവരുടെ മുമ്പിൽ ഒരു സന്തോഷം പ്രതീക്ഷിക്കുന്നു (എബ്രാ. 12 : 2). നിലത്തു വീണ് ചാകുന്നതായ ഗോതമ്പുമണി എന്നും അവിടെ ശേഷിക്കുകയില്ല; അതു വിജയപ്രദമായ ഒരു ഫലപ്രാപ്തിയിലേക്ക് കുതിക്കുന്നു. ക്രൂശിന്റെ പാത സ്വീകരിക്കുന്ന വിശ്വാസി, മറ്റുള്ളവരാൽ എത്ര മാത്രം തെറ്റിധരിക്കപ്പെട്ടാലും, അവസാനം ദൈവത്താൽ നീതികരിക്കപ്പെടുന്നതവനാണ്. മരണത്തിൽകൂടി ലഭിക്കുന്നതായ ഫലങ്ങളിൽ ചിലതു നാം ഈ മണ്ണിൽ ആയിരിക്കുമ്പോൾ തന്നെ കാണും; എന്നാൽ ഫലപ്രാപ്തി അതിന്റെ പൂർണതയിൽ ക്രിസ്തുവിന്റെ ന്യായാസനത്തിൽ മാത്രമേ വെളിപ്പെടുകയുള്ളൂ. അപ്പോഴാണ് കർത്താവ് തന്റെ പ്രതിഫലം കൂടെ കൊണ്ടുവരുന്നത്.

യോസഫിന്റെ ജീവിതം അതിനു ശ്രദ്ധേയമായ ഒരുദാഹരണമാണ്. അവൻ സ്നേഹിച്ച സ്വന്ത സഹോദരന്മാരാൽ വിൽക്കപ്പെട്ട് ഒരു വിദേശ രാജ്യത്ത് അടിമയായിത്തീരുക എന്നുള്ളത് വേദനാജനകമായ അനുഭവമായിരുന്നു. എന്നിരുന്നാലും അവൻ പോത്തിഫേറിന്റെ ഭവനത്തിൽ യാതൊരു പരാതിയും കൂടാതെ വിശ്വസ്തതയോടെ തന്റെ ജോലി ചെയ്യുകയും പോത്തിഫേറിന്റെ ഭാര്യ കളവായി കുറ്റാരോപണം നടത്തിയപ്പോഴും ദൈവത്തോടു വിശ്വസ്തനായിരിക്കുകയും ചെയ്തു. ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ പരാതിപ്പെടാതെ എല്ലാം ദൈവം അനുവദിച്ചതാണെന്നു കണക്കാക്കി ആരോടും ഒട്ടും കയ്പ്പു കരുതാതിരുന്നു. അവനെ ഫറവോന്റെ

നന്ദികെട്ട പാനപാത്രവാഹകൻ മറന്നെങ്കിലും യോസേഫ് ദൈവത്തോടോ മനുഷ്യരോടോ ഒരു വിരോധവും കരുതിയില്ല. ഇതിന്റെയെല്ലാം ഫലം അവൻ ഒടുവിൽ മിസ്രയീമിലെ പ്രധാന മന്ത്രിയായി എന്നുള്ളതാണ്. തന്നെ മാനിക്കുന്നവനെ ദൈവം മാനിക്കും (1. ശാമു. 2 : 30). അന്നു ദൈവം മാനിച്ചു; ഇന്നും അവൻ അങ്ങനെതന്നെ ചെയ്യുന്നു. അവൻ മാനിക്കുന്നത് എപ്പോഴും യോസേഫിന്റെ കാര്യത്തിലെന്നപോലെ ലോകദൃഷ്ടിയിൽ പരസ്യബഹുമാനം നൽകി ആയിരിക്കണമെന്നില്ല. എന്നിരുന്നാലും അവൻ ദൈവിക ബഹുമാനം നൽകും. നാം ക്രൂശിന്റെ പാതയെ ഒഴിഞ്ഞുമാറുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് എത്രമാത്രമാണ്!

എന്നാൽ കഥ ഇവിടെ അവസാനിക്കുന്നില്ല. യോസേഫ് ഏറ്റവും ഉന്നതസ്ഥാനത്തേക്ക് ഉയർന്നു മിസ്രയീമിൽ സകല അധികാരവും ഉള്ളവനായി തീർന്നെങ്കിലും പോത്തിഫേറിന്റെ ഭാര്യയോടോ തന്റെ സഹോദരന്മാരോടോ പകരം വീട്ടാതെ പൂർണമായി ക്ഷമിച്ചു. അനേക വിശ്വാസികളും പ്രാരംഭത്തിൽ യോസേഫ് നടന്നതുപോലെ ഓരോ ചവിട്ടടിയും ക്രൂശിന്റെ കഷ്ടതകൾക്ക് ഏൽപ്പിച്ചുകൊടുത്തു നടക്കുന്നവരാണ്. അപ്പോഴാണു വിജയം കൈവരിക്കുന്നതും ദൈവത്താൽ മാനിക്കപ്പെടുന്നതും ഉയർത്തപ്പെടുന്നതും. ദുഃഖകരമെന്നുപറയട്ടെ, അതോടുകൂടെ അഹങ്കാരവും സ്വാർത്ഥതയും പ്രതികാരവാഞ്ഛയും ഉണ്ടാകുന്നു.

യോസേഫ് അങ്ങനെയായിരുന്നില്ല. കാരാഗൃഹത്തിലായാലും സിംഹാസനത്തിലായാലും അവൻ അതേ വിനീത മനുഷ്യനായി നിലകൊണ്ടു. എത്ര ശ്രദ്ധേയനായ ഒരു മനുഷ്യനായിരുന്നു അവൻ! ഈ മനോഭാവമാണു ദൈവം അംഗീകരിക്കുന്നതും എപ്പോഴും ബഹുമാനിക്കുവാൻ ഇഷ്ടപ്പെടുന്നതും. ഇതു ദൈവപുത്രന്റെ മനോഭാവമാണ്. അതു നമ്മിൽ ഇല്ലാതെ വരുമ്പോൾ ഒരു പ്രധാന കാര്യം നമ്മുടെ ജീവിതത്തിൽ കുറവുണ്ട് എന്ന് അവനു പറയാതെ തരമില്ല. കർത്താവായ യേശു അതിശയ പ്രവൃത്തികളിൽകൂടിയോ പ്രസംഗിച്ച ദൂതുകളിൽകൂടിയോ അല്ല സാത്താനെ ഇല്ലായ്മ ചെയ്തത്. തന്റെ മരണത്തിൽകൂടിയാണ് അവൻ പിശാചിനെ ശക്തിഹീനനാക്കിയതെന്ന് എബ്രാ. 2 : 14-ൽ പറയുന്നു. കർത്താവു സാത്താനെ തോൽപിച്ചതു മരണത്തിൽകൂടി മാത്രമാണെങ്കിൽ അപ്പോൾ തന്റെ ശിഷ്യന്മാരാകുന്ന നമുക്കു വേറെ ഒരു വഴിയിൽകൂടിയും അവനെ തോൽപിക്കുവാൻ കഴിയുന്നതല്ല എന്നു തീർച്ചയാണ്. യേശുവിന്റെ നാമത്തിൽ ചില അത്ഭുതങ്ങൾ ചെയ്യാൻ തങ്ങൾക്കു കഴിഞ്ഞാൽ സാത്താൻ പരാജയപ്പെടുമെന്നാണ് അനേകരുടെ ചിന്ത. എന്നാൽ സാത്താൻ ക്രൂശൊഴികെ മറ്റു യാതൊരു ആയുധത്തിനും കീഴടങ്ങിയിട്ടില്ല. ക്രൂശിന്റെ പാതയൊഴികെ മറ്റേതെങ്കിലും പാത തന്റെ ജീവിതത്തിൽ സ്വീകരിക്കുവാൻ വിശ്വാസി നിരന്തരമായി വിസമ്മതിക്കുമ്പോൾ തനിക്കെതിരായി ശത്രു ശക്തിഹീനനായി മാറുന്നതു കാണും. സന്തോഷത്തോടും പൂർണമായും തന്നോടുള്ള ദൈവത്തിന്റെ എല്ലാ ഇടപാടുകൾക്കും സ്വയം വിധേയപ്പെടുത്തിക്കൊടുക്കുന്നവനോട് മാത്രമേ, പിശാചിനോട് എതിർത്തുനിന്നാൽ പിശാച് അവനെ വിട്ടു ഓടിപ്പോകുമെന്നു തിരുവചനം പറയുന്നുള്ളൂ (യാക്കോ.

4 : 7). നാം ഒന്നാമതായി ദൈവത്തിനു സ്വയം വിധേയപ്പെടുത്തിക്കൊടുക്കുന്നില്ലെങ്കിൽ ശത്രുവിനോടു എതിർത്തു നിൽക്കാൻ ശ്രമിക്കുന്നത് ഭോഷത്തമാണ്.

ക്രൂശിന്റെ പാത മാത്രമാണു വിജയത്തിന്റെ പാത. അതുകൊണ്ടാണ് ആ പാതയിൽക്കൂടി യേശു പോകുന്നതിൽനിന്നു പിൻതിരിപ്പിക്കാൻ സാത്താൻ സർവകഴിവും ഉപയോഗിച്ചു ശ്രമിച്ചത്. അതുകൊണ്ടുതന്നെയാണ് സ്ത്രീ പുരുഷന്മാർ ഈ പാത തങ്ങളുടെ ജീവിതത്തിൽ സ്വീകരിക്കുന്നതിൽനിന്ന് അവരെ പിൻമാറ്റുവാൻ സാത്താൻ നിരന്തരമായി ശ്രമിക്കുന്നത്. പത്രോസ് സദുദ്ദേശ്യത്തോടുകൂടിയ സ്നേഹത്തിൽ ക്രൂശിലെ കഷ്ടപ്പാടുകളിലൂടെ പോകുന്നതിൽനിന്നു യേശുവിനെ പിൻമാറ്റുവാൻ ശ്രമിച്ചു. എന്നാൽ തൽക്ഷണം അതിൽ പിശാചിന്റെ ശബ്ദം യേശു കണ്ടെത്തി (മത്താ.16:21-23). നമ്മുടെ പാത ദുഷ്കരമാകുമ്പോൾ സ്നേഹിതരും ബന്ധുക്കളും ഇതേതരത്തിലുള്ള ഉപദേശം തന്നെന്നുവരാം. എന്നാൽ നമ്മുടെ ഉള്ളിൽനിന്നു തന്നെയോ മറ്റുള്ളവരിൽനിന്നോ ക്രൂശിന്റെ പാതയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന ശബ്ദങ്ങൾ ഉണ്ടായാൽ അവ പിശാചിന്റെ മന്ത്രണങ്ങളായി നാം എല്ലായ്പ്പോഴും തിരിച്ചറിയാറുണ്ടോ?

വെളിപ്പാടു പുസ്തകത്തിൽ കർത്താവായ യേശുവിനെ അറുക്കപ്പെട്ട കുഞ്ഞാടായി നാം കാണുന്നു. കാൽവറിയെക്കുറിച്ചുള്ള സ്വർഗീയ കാഴ്ചപ്പാടു നമുക്ക് അവിടെ ലഭിക്കുന്നു. മനുഷ്യദൃഷ്ടിയിൽ കാൽവറി ഒരു പരാജയമായിരുന്നു. യേശുവിന്റെ പുനരുത്ഥാനശേഷം ഒരു അവിശ്വാസിയും യേശുവിനെ കണ്ടതായി നാം അറിയുന്നില്ല. അതിനാൽ ഇന്നും കാൽവറി മനുഷ്യദൃഷ്ടിയിൽ പരാജയമാണ്. എന്നാൽ സ്വർഗ്ഗീയദൃഷ്ടിയിൽ ലോകത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ വിജയമാണ് കാൽവറി. ലോകത്തിൽ ദൈവകുഞ്ഞാടിനെ അവർ ക്രൂശിച്ചു. എന്നാൽ സ്വർഗ്ഗത്തിൽ അവർ അവനെ ആരാധിക്കുന്നു. യേശുവിനെ പിൻപറ്റുകയിൽ നിങ്ങളുടെ അവകാശങ്ങളെ അടിയറവയ്ക്കുമ്പോൾ ലോകമനുഷ്യർ നിങ്ങൾക്കു നട്ടെല്ലില്ല എന്നുപറയും. പക്ഷേ അപ്പോൾ സ്വർഗ്ഗത്തിൽ വിജയസ്ഥാനം കൈക്കൊണ്ട ഒരു ദൈവപൈതലിനെ ചൊല്ലി സന്തോഷം ഉണ്ടാകും. "അവർ അവനെ (സാത്താനെ) ജയിച്ചു.... (ക്രൂശിൽ) മരണപര്യന്തം തങ്ങളുടെ പ്രാണനെ വിലയേറിയതായി എണ്ണിയതുമില്ല... അതിനാൽ സ്വർഗ്ഗവും അതിൽവസി

**കർത്താവു സാത്താനെ തോൽപിച്ചതു മരണത്തിൽകൂടി മാത്രമാണെങ്കിൽ അപ്പോൾ തന്റെ ശിഷ്യന്മാരാകുന്ന നമുക്കു വേറെ ഒരു വഴിയിൽകൂടിയും അവനെ തോൽപിക്കുവാൻ കഴിയുന്നതല്ല എന്നു തീർച്ചയാണ്. യേശുവിന്റെ നാമത്തിൽ ചില അത്ഭുതങ്ങൾ ചെയ്യാൻ തങ്ങൾക്കു കഴിഞ്ഞാൽ സാത്താൻ പരാജയപ്പെടുമെന്നാണ് അനേകരുടെ ചിന്ത. എന്നാൽ സാത്താൻ ക്രൂശൊഴികെ മറ്റു യാതൊരു ആയുധത്തിനും കീഴടങ്ങിയിട്ടില്ല.**

മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ മനുഷ്യന്റെ അനുസരണക്കേട് അവനെ കെണിയിൽ അകപ്പെട്ടു പറക്കുവാൻ കഴിയാത്ത ഒരുപക്ഷി യെപ്പോലെയാക്കി മാറ്റി.

ക്രൂശിനുമാത്രമേ ആ കെണി പൊട്ടിച്ചു നമ്മെ സ്വതന്ത്രരാക്കുവാൻ കഴിയൂ. വേറൊരു മാർഗ്ഗവുമില്ല. ഇഹ ലോകത്തിനും സ്വയത്തിനും നാം മരണം സ്വീകരിക്കുക. അപ്പോൾ നാം പിശാചിന്റെ ശക്തിയ്ക്കും മരി ച്ചവരായിത്തീരും. നിങ്ങളുടെമേൽ പിശാചിനുള്ള സ്വാധീനം അറുക്ക പ്പെടും. അപ്പോൾ ആ പക്ഷിയെ പ്പോലെ ഉയരത്തിലേക്കു പറക്കുന്ന തിൽനിന്നു നിങ്ങളെ തടയുവാൻ യാതൊന്നിനും കഴിയില്ല. അതാണു യഥാർത്ഥ സ്വാതന്ത്ര്യം. അതാണു പരിശുദ്ധാത്മാവ് നമ്മുടെ ജീവിത ത്തിൽ കൈവരുത്തുവാൻ ആഗ്രഹി ക്കുന്നതും (2 കൊരി. 3 : 17). പക്ഷേ ആ സ്വാതന്ത്ര്യത്തിലേക്കുള്ള ഏക മാർഗ്ഗം ക്രൂശിന്റെ പാതയാണ്.

ആദ്യ അധ്യായങ്ങൾപോലെ ഈ ദൂതിനും നാം ജീവിക്കുന്ന ആദ്യകാ ലത്ത് ഒരു പ്രത്യേക പ്രസക്തിയുണ്ട്. 2 തിമോ. 3 : 1–8ൽ ഈ ദിവസങ്ങളെ വിവരിച്ചിരിക്കുന്നു. അവിടെ മനു ഷ്യർ പ്രധാനമായും സ്വയസ്നേഹി കളായിരിക്കുമെന്നു പറഞ്ഞിരിക്കു ന്നു. അങ്ങനെ അവരുടെ സ്വഭാവ ത്തിൽ ക്രൂശിന്റെ ആത്മാവിന് ഏറ്റവും വിപരീതമായതെല്ലാം വെളി പ്പെടും. അതിനാൽ വിശ്വാസി കൾക്കെതിരായി പീഡനം വർധിക്കു മ്പോൾ അനേകർ ഇടറിപ്പോകും (മ ത്താ. 24 : 9, 10). എന്നുള്ളത് ആശ്ച ര്യകരമല്ല. തങ്ങളുടെ ക്രിസ്തീയത്വം ക്രൂശിന്റെ അവകാശവാദങ്ങളിലല്ല, പിന്നെയോ സ്വന്തസൗകര്യങ്ങളാൽ ഈ കാലമത്രെയും നിയന്ത്രിക്കപ്പെ

> യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പൂർണതയി ലേക്ക് ഒരുവനെ നയിക്കു വാൻ കഴിയുന്ന ഒരേയൊരു പാത മാത്രമേയുള്ളൂ. നമുക്ക് ഹിതമെങ്കിൽ മറ്റു പാതക ളിൽക്കൂടി നടക്കാം. എന്നാൽ അവയിൽ ഒന്നിലും നമ്മെക്കു റിച്ചുള്ള ദൈവോദ്ദേശ്യം നാം നിറവേറ്റുകയില്ല. നമ്മുടെ ജീവിതത്തിൽ ക്രൂശിന്റെ പാതയെ നാം ഒഴിഞ്ഞുകളയു ന്നുവെങ്കിൽ നമ്മുടെ ദാന ങ്ങളും വരങ്ങളും നഷ്ടപ്പെട്ടു പോകുകയേ തരമുള്ളൂ.

ക്കുന്നവരുമായുള്ളോരേ, സന്തോഷി പ്പിൻ" (വെളി. 12 : 10–12).

സങ്കീ. 124 : 7–ൽ ക്രിസ്തീയ ജീവി തത്തെ കെണിയിൽനിന്നു രക്ഷപെട്ട ഒരു പക്ഷിയോട് ഉപമിച്ചിരിക്കുന്നു. ദൈവമക്കളൊക്കെയും അനുഭവിക്ക ണമെന്നു ദൈവം ആഗ്രഹിക്കുന്ന മഹത്വപൂർണ്ണമായ ഒരു പൂർണ്ണചിത്ര മാണു വിഹായസ്സിൽ ഉയർന്നുപറ ക്കുന്ന ഒരു പക്ഷിയുടേത്. പർവത ങ്ങളും നദികളും ഭൗമികജീവിക ളുടെ മുന്നോട്ടുള്ള യാത്രയെ തടസ പ്പെടുത്താം. എന്നാൽ പക്ഷിയുടെ യാത്രയെ തടസപ്പെടുത്തുവാൻ സാധ്യമല്ല. അവയുടെയെല്ലാം മീതെ പക്ഷി പറക്കുന്നു. പക്ഷിയെപ്പോലെ പൂർണ്ണസ്വതന്ത്രനായും എല്ലാത്തി ന്റെയുംമേൽ അധികാരം പ്രാപിച്ചു സകലത്തെയും വാഴുന്നവനായും തീരാനാണ് (ഉൽപ. 1 : 28) ദൈവം

ട്ടിരുന്നതിനാൽ അതുകൊണ്ടു തൃപ്തിപ്പെട്ടിരുന്ന അനേകം വിശ്വാസികൾ ആ സമയത്ത് കർത്താവിൽനിന്നു അകന്നുപോകും. മർക്കോ. 4 : 17-ൽ അങ്ങനെയുള്ള വിശ്വാസികളെ വേരില്ലാത്തവർ എന്നാണു വിളിക്കുന്നത്. അവരുടെ ക്രിസ്ത്യാനിത്വം വെറും ഉപരിപ്ലവമാണ്. എപ്പോഴെല്ലാം ക്രൂശിന്റെ പാത സ്വീകരിക്കാൻ അവസരങ്ങൾ കൊടുത്ത് അതിന്റെ വേരുകൾ ബലപ്പെടുത്തുവാൻ ദൈവം ശ്രമിച്ചുവോ അപ്പോഴെല്ലാം അവർ അതിൽനിന്നു ഒഴിഞ്ഞുകളഞ്ഞവരാണ്.

യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പൂർണതയിലേക്ക് ഒരുവനെ നയിക്കുവാൻ കഴിയുന്ന ഒരേയൊരു പാത മാത്രമേയുള്ളൂ. നമുക്ക് ഹിതമെങ്കിൽ മറ്റു പാതകളിൽക്കൂടി നടക്കാം. എന്നാൽ അവയിൽ ഒന്നിലും നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നാം നിറവേറ്റുകയില്ല. നമ്മുടെ ജീവിതത്തിൽ ക്രൂശിന്റെ പാതയെ നാം ഒഴിഞ്ഞുകളയുന്നുവെങ്കിൽ നമ്മുടെ ദാനങ്ങളും വരങ്ങളും നഷ്ടപ്പെട്ടുപോകുകയേ തരമുള്ളൂ. ക്രൂശിന്റെ പാത നമുക്ക് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. തിരഞ്ഞെടുപ്പു പൂർണ്ണമായും നമ്മുടേതാണ്.

നാം സ്വർഗ്ഗത്തിൽ ചെന്നുകഴിഞ്ഞാൽ യേശുവിനുവേണ്ടി ക്രൂശു ചുമക്കാൻ വീണ്ടും ഒരു അവസരം ഉണ്ടാകുന്നതല്ലെന്നു സാധു സുന്ദർസിംഗ് പറയാറുണ്ടായിരുന്നു. ഇന്നു നാം ക്രൂശിനെ തിരസ്കരിച്ചാൽ യേശു നടന്നതായ രക്തംപുരണ്ട പാതയിലൂടെ നടക്കുവാൻ നിത്യതയിൽ നമുക്ക് അവസരം ഉണ്ടായിരിക്കുകയില്ല. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ കാണുമ്പോൾ, അവന്റെ കൈകാലുകളിൽ ആണിപ്പാടുകൾ ഉണ്ടായിരിക്കും. അന്നു നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയിട്ട് നാം ഓരോ ചവിട്ടടിയിലും ക്രൂശിന്റെ പാതയിൽനിന്നു കരുതലോടെ ഒഴിഞ്ഞുകളഞ്ഞു എന്നു കാണുമ്പോൾ നമുക്ക് എന്തുതോന്നും? അന്നു യാതൊരു ദുഃഖത്തിനും കാരണമില്ലാത്തവരായിരിക്കുവാൻ ഓരോ ചുവടിലും നാം ക്രൂശിനു വിധേയപ്പെടുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

"എല്ലായ്പ്പോഴും... മരണത്തിനു ഏൽപ്പിക്കപ്പെടുന്നു... എപ്പോഴും ജയോത്സവമായി നടത്തുന്നു" (2 കൊരി. 4 : 11; 2 : 14).

(അവസാനിച്ചു) ❖

നാം സ്വർഗ്ഗത്തിൽ ചെന്നുകഴിഞ്ഞാൽ യേശുവിനുവേണ്ടി ക്രൂശു ചുമക്കാൻ വീണ്ടും ഒരു അവസരം ഉണ്ടാകുന്നതല്ലെന്നു സാധു സുന്ദർസിംഗ് പറയാറുണ്ടായിരുന്നു. ഇന്നു നാം ക്രൂശിനെ തിരസ്കരിച്ചാൽ യേശു നടന്നതായ രക്തംപുരണ്ട പാതയിലൂടെ നടക്കുവാൻ നിത്യതയിൽ നമുക്ക് അവസരം ഉണ്ടായിരിക്കുകയില്ല. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ കാണുമ്പോൾ, അവന്റെ കൈകാലുകളിൽ ആണിപ്പാടുകൾ ഉണ്ടായിരിക്കും.

# ബൈബിൾ വിവർത്തനവുമായി ഹെൻട്രി

*(കഴിഞ്ഞ ലക്കം തുടർച്ച)*



**ക**ൽക്കട്ടയ്ക്കുശേഷം ദീനാപൂരിലും (1806-1809) കാൺപൂരിലും (1809-1810) ഹെൻട്രി മാർട്ടിൻ ശുശ്രൂഷിച്ചിരുന്നു. ഹിന്ദു മതത്തെയും ഇസ്‌ലാം മതത്തെയും അടുത്തറിയുവാൻ അദ്ദേഹം ഈ കാലഘട്ടങ്ങളിൽ പരിശ്രമിച്ചു. എന്നാൽ ബൈബിൾ തർജ്ജമയായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ഡേവിഡ് ബ്രൗണിന് അദ്ദേഹം ഇപ്രകാരമെഴുതി: "ബൈബിൾ തർജ്ജമ എന്ന പ്രവർത്തനം നടക്കുന്നില്ലെങ്കിൽ ഇന്ത്യയിലെ എന്റെ സാന്നിദ്ധ്യം തികച്ചും നിഷ്പ്രയോജനമായിരിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു" ഉർദു, പേർഷ്യൻ, അറബി തുടങ്ങിയ ഭാഷകളിലേക്ക് ബൈബിൾ തർജ്ജമ ചെയ്യുവാൻ ഹെൻട്രി മാർട്ടിൻ പരിശ്രമിച്ചു. അതിൽ ഒരു പരിധി വരെ വിജയിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. എന്നാൽ പേർഷ്യൻ, അറബി ഭാഷകളിലുള്ള പുതിയനിയമത്തിന് കുറച്ചുകൂടി ഭംഗിവരുത്തുവാൻ ആ ഭാഷകൾ കൂടുതലായി പഠിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അതിനായി 1811 ജനുവരിയിൽ ഹെൻട്രി ബോംബെയ്ക്ക് കപ്പൽ കയറി. കൊളംബോ, ഗോവ തുടങ്ങിയ സ്ഥലങ്ങൾ വഴിയാണ് കപ്പൽ ബോംബെയിൽ എത്തിയത്. പോർച്ചുഗീസ് കോളനിയായ ഗോവയിൽ തദ്ദേശീയരുമായി പോർച്ചുഗീസ് ഭാഷയിൽ സംസാരിക്കുവാനും സുവിശേഷ സന്ദേശങ്ങൾ പങ്കിടുവാനും അദ്ദേഹത്തിന് സാധിച്ചു. ആറാഴ്ചത്തെ യാത്രയ്ക്കൊടുവിൽ ഫെബ്രുവരി 18ന് തന്റെ മുപ്പതാം ജന്മദിനത്തിലാണ് ഹെൻട്രി ബോംബെയിൽ കാലുകുത്തിയത്. അവിടെവെച്ച് തന്റെ ഡയറിയിൽ അദ്ദേഹം ഇപ്രകാരം കുറിച്ചു: "നിഷ്ഫലമായ എന്റെ ജീവിതത്തിലെ മുപ്പതാണ്ടുകൾ ഞാനിന്ന് പൂർത്തിയാക്കുകയാണ്. രക്ഷകൻ തന്റെ ശുശ്രൂഷ ആരംഭിച്ച പ്രായം,

സ്നാപക യോഹന്നാൻ ഒരു രാഷ്ട്രത്തെ തന്നിലേക്ക് ആകർഷിച്ച പ്രായം, ബ്രയിനാർഡ് തന്റെ ശുശ്രൂഷ അവസാനിപ്പിച്ച പ്രായം. ഏതാണ്ട് നൂറോളം നീചന്മാരെ സുവിശേഷത്താൽ അദ്ദേഹം നേടിയെങ്കിൽ, അതിന്റെ ഇരുപതിലൊന്നു പോലും എനിക്കു നേടുവാനായില്ല." തന്റെ ഉള്ളിലുള്ള സുവിശേഷദാഹം ഈ വചനങ്ങൾ വ്യക്തമാക്കുന്നു. പക്ഷേ, നമ്മുടെ മുമ്പിലുള്ള ഹെൻട്രി മാർട്ടിനെക്കുറിച്ചുള്ള ചിത്രം മറ്റൊന്നാണ്. ഈ സമയത്ത് അദ്ദേഹം ഇതിനകം പുതിയനിയമം ഹിന്ദുസ്ഥാനിയിലേക്ക് തർജ്ജമ ചെയ്തിരുന്നു, പേർഷ്യൻ ഭാഷയിൽ അതിന്റെ പ്രവർത്തനം തുടങ്ങിയിരുന്നു, അറബി പരിഭാഷയുടെ തിരുത്തലുകൾ പൂർത്തിയാക്കിയിരുന്നു, സങ്കീർത്തനങ്ങൾ പേർഷ്യൻ ഭാഷയിലേക്കും, പ്രാർത്ഥനാപുസ്തകം ഹിന്ദുസ്ഥാനിയിലേക്കും പരിഭാഷ ചെയ്തു കഴിഞ്ഞിരുന്നു. തദ്ദേശീയരായ അനേകരുടെ മാനസാന്തരം കണ്ടില്ലെങ്കിലും അദ്ദേഹത്തിന്റെ കഠിനാധ്വാനവും സഹിഷ്ണുതയും ഭാവിയിൽ അനേകായിരം മിഷണറിമാരെ സ്വാധീനിക്കുന്നതിനും ഒരു പുതിയ മിഷണറി മാതൃകയ്ക്ക് തുടക്കമിടുന്നതിനുമാണ് ദൈവം ഉപയോഗിച്ചത്.ഇതിനിടെ ഇന്ത്യയിലെ വിപരീതമായ കാലാവസ്ഥ മൂലം ഹെൻട്രി മാർട്ടിന്റെ ആരോഗ്യം വല്ലാതെ ക്ഷയിച്ചു. രോഗത്തിന്റെ ചികിത്സയ്ക്കും വിശ്രമത്തിനുമായി നാട്ടിലേക്ക് മടങ്ങുവാൻ അദ്ദേഹം തീരുമാനിച്ചു. പേർഷ്യൻ, അറബി പുതിയനിയമങ്ങളുടെ അവസാനവട്ട മിനുക്കുപണികൂടി നടത്തുക എന്ന ലക്ഷ്യത്തോടെ പേർഷ്യയിലേക്കു പോകുവാനും തീരുമാനിച്ചു. 1811

> തന്റെ ഡയറിയിൽ അദ്ദേഹം ഇപ്രകാരം കുറിച്ചു: " നിഷ്ഫലമായ എന്റെ ജീവിതത്തിലെ മുപ്പതാണ്ടുകൾ ഞാനിന്ന് പൂർത്തിയാക്കുകയാണ്. രക്ഷകൻ തന്റെ ശുശ്രൂഷ ആരംഭിച്ച പ്രായം, സ്നാപക യോഹന്നാൻ ഒരു രാഷ്ട്രത്തെ തന്നിലേക്ക് ആകർഷിച്ച പ്രായം, ബ്രയിനാർഡ് തന്റെ ശുശ്രൂഷ അവസാനിപ്പിച്ച പ്രായം. ഏതാണ്ട് നൂറോളം നീചന്മാരെ സുവിശേഷത്താൽ അദ്ദേഹം നേടിയെങ്കിൽ, അതിന്റെ ഇരുപതിലൊന്നുപോലും എനിക്കു നേടുവാനായില്ല." തന്റെ ഉള്ളിലുള്ള സുവിശേഷദാഹം ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

മാർച്ച് 25 ന് വീണ്ടും കപ്പൽ കയറി. 1811 മെയ് 21 ന് മസ്ക്കറ്റ് വഴി പേർഷ്യൻ നഗരമായ ബുഷൈറിൽ അദ്ദേഹം എത്തിച്ചേർന്നു. ഇവിടെയും തദ്ദേശീയരായ പണ്ഡിതന്മാരുമായി അവരുടെ ഭാഷകളെക്കുറിച്ചും മതത്തെക്കുറിച്ചും, സുവിശേഷത്തെക്കുറിച്ചുമൊക്കെയുള്ള ചർച്ചകളിൽ അദ്ദേഹം ഏർപ്പെട്ടു. അറബി, പേർഷ്യൻ പുതിയനിയമ പരിഭാഷകൾ പണ്ഡിതന്മാരെ കാണിച്ചു. അറബി തർജ്ജമയെ അവർ അംഗീകരിച്ചു എന്നാൽ പേർഷ്യൻ തർജ്ജമയിൽ കുറവുകളുണ്ടെന്ന് അവർ കണ്ടെത്തി.

ബുഷൈറിൽ നിന്നും ഏകദേശം 200 മൈൽ അകലെയുള്ള ഷിറാസ്

ഹെൻട്രി മാർട്ടിന്റെ പേർഷ്യൻ ഭാഷയിലെ പാണ്ഡിത്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെക്കുറിച്ചും കേട്ടറിഞ്ഞ അനേകം മുസ്‌ലീം പുരോഹിതന്മാർ അദ്ദേഹത്തിന്റെ അടുക്കൽ സംവാദത്തിനും സംഭാഷണങ്ങൾക്കും പതിവായി എത്തുമായിരുന്നു. അദ്ദേഹത്തിന്റെ ജ്ഞാനവും പ്രസന്നതയും കണ്ടിട്ട് അദ്ദേഹത്തിന്റെ മതവിശ്വാസങ്ങളെ ബഹുമാനത്തോടെയാണ് അവർ സമീപിച്ചത്.

എന്ന പട്ടണത്തിലേക്കാണ് ഹെൻട്രി മാർട്ടിൻ പിന്നീട് പോയത്. ഷിറാസ് പട്ടണത്തിൽ ധാരാളം മുസ്‌ലിം പണ്ഡിതന്മാരും കവികളും ഉണ്ടായിരുന്നു. ഹെൻട്രി മാർട്ടിന്റെ പേർഷ്യൻ ഭാഷയിലെ പാണ്ഡിത്യത്തെക്കുറിച്ചും അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെക്കുറിച്ചും കേട്ടറിഞ്ഞ അനേകം മുസ്‌ലീം പുരോഹിതന്മാർ അദ്ദേഹത്തിന്റെ അടുക്കൽ സംവാദത്തിനും സംഭാഷണങ്ങൾക്കും പതിവായി എത്തുമായിരുന്നു. അവർക്കായി തന്റെ ഭവനത്തിന്റെ കവാടങ്ങൾ അദ്ദേഹം സദാ തുറന്നിട്ടു. അദ്ദേഹത്തിന്റെ ജ്ഞാനവും പ്രസന്നതയും കണ്ടിട്ട് അദ്ദേഹത്തിന്റെ മതവിശ്വാസങ്ങളെ ബഹുമാനത്തോടെയാണ് അവർ സമീപിച്ചത്. എന്നാൽ പലപ്പോഴും വിയോജിപ്പുകൾ ഉണ്ടായത് 'യേശുക്രിസ്തുവിന്റെ ദൈവത്വം' എന്ന വിഷയത്തോടുള്ള ബന്ധത്തിലായിരുന്നു. മുസ്‌ലിം പണ്ഡിതന്മാർക്കുള്ള മറുപടിയായി ഹെൻട്രി മാർട്ടിൻ ഈ സമയത്ത് തയ്യാറാക്കിയ ലഘുലേഖകൾ സമൂഹത്തിൽ വലിയ ചർച്ചകൾക്കും ചെറിയ വിവാദങ്ങൾക്കും ഇടയാക്കി. ഇതിനിടയിൽ പേർഷ്യൻ പുതിയനിയമത്തിന്റെ മിനുക്കുപണികൾ തുടർന്നു കൊണ്ടിരുന്നു. 1812 ഫെബ്രുവരി 24 ന് ആ ജോലി പൂർത്തിയാക്കി.

പേർഷ്യൻ പുതിയനിയമത്തിനുള്ള അംഗീകാരം ഭരണാധിപനായ ഷായിൽ നിന്നു നേടുവാനായി പ്രത്യേകം തയ്യാറാക്കിയ രണ്ട് പ്രതികളുമായി ഹെൻട്രി മാർട്ടിൻ അദ്ദേഹത്തെ കാണുവാൻ പോയി. എന്നാൽ, അദ്ദേഹത്തിന് ഷായുടെ പ്രധാനമന്ത്രിയെക്കാണുവാൻ മാത്രമാണ് കഴിഞ്ഞത്. ആ പ്രത്യേകസ്ഥലത്ത് കൂടിനിന്നിരുന്ന ജനങ്ങളുടെ മുന്നിൽ വെച്ച് 'ദൈവം ഏകനാണ്, മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണ്' എന്ന് ഏറ്റുപറയുവാൻ ആവശ്യപ്പെട്ടപ്പോൾ നമ്മുടെ കഥാനായകനായ ദൈവമനുഷ്യൻ പറഞ്ഞത് 'ദൈവം ഏകനാണ്, യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്' എന്നാണ്. രോഷാകുലരായ ജനത്തിന്റെ ഇടയിൽനിന്നും പരുക്കുകളൊന്നുമില്ലാതെ അദ്ദേഹം രക്ഷപ്പെട്ടത് സത്യത്തിൽ ഒരത്ഭുതമായിരുന്നു. പിന്നീട് മറ്റൊരു സന്ദർഭത്തിൽ, ബ്രിട്ടീഷ് സ്ഥാനപതിയായ ജോർജ്ജ് ഔസ്‌ലേയാണ് പുതിയനിയമം ഷായ്ക്ക് സമ്മാനിച്ചത്. അദ്ദേഹമത് സന്തോഷത്തോടെ സ്വീകരിക്കുകയും തന്റെ ജനങ്ങൾക്കു വായിക്കാനായി ശുപാർശ ചെയ്യുകയും ചെയ്തു. (തുടരും)

**ബോബി കുര്യൻ**



# The Making of Peter The Disciple

Sandeep Poonen

Peter was one of the greatest disciples of Jesus that we know. He is wrongly hallowed in the Catholic religion, but the Bible nonetheless identifies Peter as being the leader of the 12 disciples on the Day of Pentecost.

Yet, what I like most about Peter's story is that we get to see his maturation over time. We get to see Peter's highs and lows, so many can relate with Peter here. And if we look at his life in entirety, we see the shaping of one of the greatest disciples of Jesus that ever lived. When viewed as a whole, Peter's life story is glorious, and we can readily imitate his faith (Hebrews 13:7). So over this year, I would like to look at various incidents in Peter's life – and see the journey that his life took.

Let's start with one of Peter's earliest interactions with Jesus.

**1. Disciples recognize their own sinfulness**

One of the first words that Peter says to Jesus is, "*Go away from me, Lord, for I am a sinful man*" (Luke 5:8). At first, this might not sound like the words of a future great disciple. But in fact, that very statement shows us the heart of Peter that Jesus loved.

Jesus had just miraculously given Peter a huge haul of fish, to where the boat started to sink. When Peter saw what happened, he fell at Jesus' feet and said these words.

When we think about this, Peter's words are rather remarkable. Peter was a fisherman, so this miracle was like winning the lottery. Peter could have given 10% of his earnings to the Lord and kept the remaining 90% to buy a big house.

This would have been perfectly fine by the Law. **But Peter saw something different in Jesus. He didn't see Jesus as a way to prosper monetarily. Instead the miracle showed him the holiness of Jesus and his own sinfulness.**

Imagine if this was Peter's response: "*Stay with me Lord, and let's advance Your kingdom together. You can use my boat to preach, and then please fill my boat to overflowing with fish. People will see the wealth that I have and this will PROVE what You are preaching. People will also want what I have, and so will follow You*!" If Peter had done this, he would not have been a disciple of Jesus.

Peter looked at himself and looked at Jesus and was blown away by

the difference in holiness. So Peter's honest response was: *Depart from me Lord, for I am a sinful man*.

Jesus loves those who have a true sense of their own need. **Peter's deep sense of his sinfulness was the exact raw material that Jesus was looking for in His followers.**

And we find that same heart repeated in various other stories in Jesus' lifetime.

**è The Pharisee and the Tax Collector (Luke 18:9-14):**

Like Peter, the tax collector said, "*God, be merciful to me, the sinner!*" Jesus praised this sinful tax collector and even said that he went home justified; "*for everyone who exalts himself will be humbled, but he who humbles himself will be exalted*" (v14).

Jesus wanted nothing to do with Pharisees who might have done many lawful things, but then compared themselves to others and gloried in their righteous acts. Meanwhile, Jesus loved those who were honest about their condition and saw their own need. Such people could easily experience the justification of God.

So even though the tax collector probably felt the Pharisee looked down at him with contempt, he didn't despise the Pharisee. ***He didn't worry about the sins of others; he was in the house of God and looked solely at God's holiness and HIS OWN sin***.

This is how we also must be if we want God's full and free justification.

**è Simon the Pharisee and the sinful woman (Luke 7:36-50):**

We also see the same distinction in the story of Simon the Pharisee and the immoral woman who wet Jesus' feet with her tears. One was at the top of the religious totem pole and the other at the bottom. But Jesus was unmoved by how people viewed the two. **Jesus is never impressed by our past track record; He is only interested in the present condition of our hearts**. Simon the Pharisee might well have started off with a sincere devotion to God. But somewhere along the way, he lost sight of who God was, and ended up as a self-righteous Pharisee. He was now so far away from God, that he didn't even recognize that the Son of God sitting right next to him.

Simon the Pharisee's great sin was the deep festering cancer of the lack of gratitude and service. *The heart that lacks gratitude automatically negates a million kind deeds done. No amount strenuous physical exercise will cure lung cancer*.

**è The Eleven Disciples and Judas (Matthew 26:20-25):**

At the last supper, we find a unique difference between Judas Iscariot and the other eleven disciples. The eleven were deeply grieved at the thought of betraying Jesus, and called Jesus as their Lord. But Judas was not deeply grieved, and saw Jesus only as a Rabbi (a good teacher). Judas never came to view Jesus as his absolute Lord.

How is it with us? If Jesus is the LORD of our lives, we will be genuinely grieved at the thought of betraying Jesus. So when Jesus tells us that we would betray Him, we are genuinely grieved that we might betray Him

– because Jesus is the Lord of our lives and a close personal Friend, so much more than just a good and wise teacher.

But if we slip into a lifestyle that no longer grieves over sin, and we go away from a simple and pure devotion to Jesus, then we must recognize our true current condition. And we must re-surrender all of our lives to Jesus, so that He can be the undisputed Lord of every area of our lives.

**Disciple ALWAYS realize that they are sinners saved by Jesus**

Peter spoke these words when he first met Jesus. But the heart of seeing our deep sinfulness is not a one-time response. Look at Paul. At the end of his life, he writes to Timothy, "*It is a trustworthy statement, deserving full acceptance, that Christ Jesus came into the world to save sinners, among whom I am foremost of all*" (1 Timothy 1:15). Notice the present tense: *among whom I <u>am</u> foremost of all*.

Paul doesn't say these words when he had just been knocked off his horse on the Damascus road. Paul had established several churches and had lived with great integrity and devotion to Jesus. Yet, even near the end of his life, this was Paul's genuine heart: *Jesus came into the world to save sinners, and right now, as I think of all the sinners in the world, I still stand as the chief and foremost of sinners. I still see myself most in need of Jesus and His salvation.*

Was Paul saying this because he kept falling into sin and didn't live a victorious life over sin? Not at all; Paul sought to always live with a clear conscience before God and man (Acts 24:16). But yet, as he drew closer to the absolutely pure light of the life of Jesus, there was a greater awareness of the sin that still clung to him.

Sin is more than just doing wrong things and more than failing to do right things. Sin is best defined in Romans 3:23, where we fall short of the glory of God. So as Paul gazed and meditated on the glory of Jesus (2 Corinthians 3:18), he saw how far away he still was from the perfect life of Jesus. So yes, he was being transformed into the image of Jesus as he stood and gazed on the glory of Jesus. But that same gazing also brought a greater clarity to the immense gap between him and Christ!

**Conclusion**

I simply cannot think of a clearer litmus test for true holiness than what I infer from 1 Timothy 1:15. **If I am not growing in the awareness of my deep sinfulness, I am not growing in the awareness of God's deep love for me. And then, one who does not know God's love will not grow in true holiness**.

This is a key mark of being a disciple of Jesus that we must hold fast to. Peter's awareness of his own sinfulness was what Jesus loved. Jesus did not judge Peter superficially by Peter's words ("Depart from me"); He saw Peter's heart that recognized his own sinfulness (Isaiah 11:3). Peter had that "honest and good heart" (Luke 8:15) that was quick to recognize his own brokenness. Jesus recognized that Peter had the good soil in his heart that could one day bear much fruit for Him.

Thus began the extraordinary life of Peter the disciple.

## *എഡിറ്റോറിയൽ തുടർച്ച ........*

ആദ്യ രണ്ടു വാക്യങ്ങളിലും നമ്മോടുള്ള ബന്ധത്തിൽ ദൈവസ്നേഹം ചെയ്യുന്ന മൂന്നാമത്തെ കാര്യം വിവരിച്ചിരിക്കുകയാണ് - ദൈവസ്നേഹം നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നു. ദൈവത്തോടുള്ള കൂട്ടായ്മയോടുള്ള ബന്ധത്തിലാണു പാപക്ഷമ ആവശ്യമായി വരുന്നതെന്നു യോഹന്നാൻ തുടക്കത്തിൽ ചൂണ്ടിക്കാട്ടുന്നു (1 : 3). വലിയവനായ ദൈവം വെളിച്ചമാണ്. തന്നിൽ ഇരുൾ ഒട്ടും ഇല്ല. (1:5). അങ്ങനെയുള്ള ദൈവത്തോട് കൂട്ടായ്മ ഉണ്ടാകണമെങ്കിൽ പാപത്തിന്റെ നേരിയ ഇരുട്ടെങ്കിലും നമ്മിൽ ഉണ്ടാകാൻ പാടില്ല. ഇവിടെയാണു പാപക്ഷമയുടെ ആവശ്യകത .പക്ഷേ ഭയപ്പെടേണ്ട, ഇതിനായി തന്റെ പുത്രനായ യേശുവിന്റെ രക്തം ശുദ്ധീകരണത്തിനായി ഇവിടെയുണ്ട്. പാപങ്ങളെ ഏറ്റു പറയണം. വെളിച്ചത്തിൽ നടക്കണം. എങ്കിൽ അവിടുന്നു നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാണ് (1:7, 9). തുടർന്നു രണ്ടാമദ്ധ്യായത്തിലും ആദ്യ രണ്ടു വാക്യങ്ങളിൽ രക്ഷയ്ക്കുശേഷം പിന്നീടു പാപം സംഭവിച്ചാലും യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടെന്ന ഉറപ്പാണു നൽകിയിരിക്കുന്നത്.

മുകളിൽ പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇന്നത്തെ വിശ്വാസഗോളത്തിൽ പ്രസക്തമായ ഒന്നു രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഇന്നു കൃപയുടെ കാലമായതിനാൽ പാപബോധമോ ഏറ്റു പറച്ചിലോ ആവശ്യമില്ല എന്നു പറയുന്നവരുണ്ട്. എന്നാൽ ദൈവവചനം എത്രയും വ്യക്തമാണ്– 'നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കും'. (1:9) അതുപോലെ "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ..... അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"(1:7). ദൈവത്തിൽ നിന്ന് ഒന്നും മറച്ചുവയ്ക്കാതെ, ന്യായീകരിക്കാതെ, കാപട്യത്തിനു പിന്നിൽ ഒളിക്കാതെ സത്യസന്ധതയോടെ അവിടുത്തെ അടുത്തേക്കു വരുന്നതിനെയാണ് ഇവിടെ വെളിച്ചത്തിൽ നടക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൂർണതയ്ക്കല്ല, സത്യസന്ധമായ, സുതാര്യമായ ഒരു നിലപാടിനാണ് ഇവിടെ ഊന്നൽ. അതില്ലാതെ ചിലത് ഏറ്റുപറഞ്ഞാലും യേശുവിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുകയില്ല. ദൈവത്തെ നമുക്കു കബളിപ്പിക്കാനാവില്ലെന്നു സാരം.

അതുപോലെ 2:1 ൽ 'ഒരുത്തൻ പാപം ചെയ്തു എങ്കിലോ' എന്നു പറയുന്നിടത്തു അബദ്ധത്തിൽ ഒരു പാപത്തിൽ വീണു പോകുന്നതിനെമാത്രമാണു മൂലഭാഷയിൽ ഉദ്ദേശിച്ചിരിക്കുന്നതത്രേ. അല്ലാതെ തുടർച്ചയായി ഒരു സ്വഭാവം പോലെ പാപം ചെയ്യുന്നതിനെയല്ല. "പാപം ചെയ്താൽ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്" എന്നു പറഞ്ഞിരിക്കുന്നത് പാപം ചെയ്യാനുള്ള ഒരു ലൈസൻസ് എന്ന നിലയിലല്ല, മറിച്ച് ആരും പാപം ചെയ്യാതിരിക്കാനാണു താൻ ഇത് എഴുതുന്നത് എന്നാണു യോഹന്നാന്റെ നിലപാട്. ചുരുക്കത്തിൽ പാപത്തെ ഗൗരവമായി എടുത്ത്, അയഞ്ഞ നിലപാടില്ലാതെ, സത്യസന്ധതയോടെ ദൈവത്തിന്റെ

അടുത്തേക്കു ചെന്നാൽ അവിടുന്നു ക്ഷമിക്കും, വിശ്വസ്തനായ കാര്യസ്ഥനായി നമ്മെ പിൻതുണയ്ക്കും.

നമ്മോടുള്ള ദൈവസ്നേഹവുമായി ബന്ധപ്പെട്ട മൂന്നു കാര്യങ്ങൾ തന്റെ ഒന്നാം ലേഖനത്തിൽ യോഹന്നാൻ പറഞ്ഞതാണു നാം ഇതുവരെ ചിന്തിച്ചത്. എന്നാൽ അവിടത്തന്നെ നമുക്കു ദൈവത്തോടുണ്ടാകേണ്ട സ്നേഹത്തിന്റെ ഭാഗമായുള്ള അഞ്ചു കാര്യങ്ങൾ അദ്ദേഹം 2:3-17 വാക്യങ്ങളിൽ തുടർന്നു പറഞ്ഞിരിക്കുന്നതു നോക്കാം:

**അവനെ അറിയുക**

അവനെ അറിയുന്നതിനെക്കുറിച്ചാണു യോഹന്നാൻ പറഞ്ഞു തുടങ്ങുന്നത് (2:3;4). നാം ദൈവത്തെ അറിയണം. എങ്ങനെയാണ് ഒരുവൻ ആദ്യമായി കർത്താവിനെ അറിയുന്നത്? വിശ്വാസത്താലാണത്. എന്നാൽ അവിടെത്തന്നെ നിന്നു പോകരുത് മുന്നോട്ടു പോകണം. അവനെ കൂടുതൽ ആഴത്തിൽ അറിയണം എന്ന ആഗ്രഹത്താൽ നാം പിടിക്കപ്പെടണം. ക്രിസ്തീയ ജീവിതത്തിൽ വളരെവർഷങ്ങൾ പിന്നിട്ട പൗലൊസ് ഫിലിപ്പിയർക്കു ലേഖനം എഴുതുമ്പോൾ തന്റെ ആഗ്രഹം ഇങ്ങനെ പറയുന്നു - എനിക്ക് ഇനിയും അവനെ അനുഭവിച്ചറിയണം (3:11). പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ, കഷ്ടങ്ങളിൽ അവനെ ആഴത്തിൽ അനുഭവിച്ച് അറിയണമെന്നും അവനെ നേടണമെന്നും (3:9) ആയിരുന്നു പൗലൊസിന്റെ എപ്പോഴുമുള്ള വാഞ്ഛ. നാമും കർത്താവിനെ വിശ്വാസത്തിൽ കേവലം രക്ഷകനായി അറിഞ്ഞാൽപോര. അവനെക്കുറിച്ചുള്ള അറിവ് വർധിച്ചുവരേണ്ടതുണ്ട്. അവനെ നാം അറിയുന്നുവെന്നും ആ അറിവു വർദ്ധിച്ചു വരുന്നുവെന്നും നമുക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും? യോഹന്നാൻ അതിനു വ്യക്തമായ മറുപടി ഇങ്ങനെ നൽകുന്നു- "അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയും. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു'(1യോഹ.1:3,4).

**അവനെ സ്നേഹിക്കുക**

വിശ്വാസത്താൽ അവനെ അറിയുന്നത് അവനെ സ്നേഹിക്കുന്നതിലേക്കു നമ്മെ നടത്തണമെന്നു യോഹന്നാൻ തുടർന്നു പറയുന്നു (2:5) വിശ്വാസം, സ്നേഹത്തിലേക്കു വ്യാപരിക്കണം. സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമാണു വേണ്ടത് (ഗലാത്യ 5:6). നാം അവനെ വളരെ സ്നേഹിക്കുന്നുവെന്നു പലപ്പോഴും കരുതിപ്പോകും. വിശേഷിച്ചും ദൈവസ്നേഹത്തെക്കുറിച്ചുള്ള ചില ക്രിസ്തീയ ഗാനങ്ങൾ പാടുമ്പോൾ ഉണ്ടാകുന്ന ഗദ്ഗദം, കണ്ണു നനയൽ ഒക്കെ ആ നിലയിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിച്ചേക്കാം. പക്ഷേ കേവലം വികാരത്തിന്റെ തലത്തിൽ നില്ക്കുന്ന സ്നേഹം യഥാർത്ഥ സ്നേഹമല്ലെന്നു യോഹന്നാൻ ഇവിടെ വ്യക്തമാക്കുന്നു. അവനെ അറിയുന്നു എന്നതിന്റെ തെളിവ് അവന്റെ കല്പനകളെ പ്രമാണിക്കുന്നു എന്നതാണെന്നു പറഞ്ഞതുപോലെ അവനെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവും പ്രായോഗികതലത്തിൽ അവന്റെ വചനം അനുസരിക്കുന്നതാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെവണ്ണം യോഹന്നാൻ ഇവിടെ വ്യക്തമാക്കുന്നു- 'അവന്റെ

വചനം പ്രമാണിക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു'. (2:5). യേശു കർത്താവും ഇതേ കാര്യം പറഞ്ഞിട്ടുള്ളതു യോഹന്നാൻ തന്റെ സുവിശേഷത്തിലും രേഖപ്പെടുത്തിയിട്ടുണ്ടല്ലോ– 'നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. (14:15).

**അവൻ നടന്നതുപോലെ നടക്കുക**

അവനെ അറിയുന്നവർ, അവനെ സ്നേഹിക്കുന്നവർ എന്താണു ചെയ്യേണ്ടതെന്നു തുടർന്നു യോഹന്നാൻ വിശദീകരിക്കുന്നു– 'അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു' (2:6). കർത്താവു നമുക്കു തുല്യനായി ഈ ഭൂമിയിൽ വന്നു ജീവിച്ചു (എബ്രാ. 2:17, 4:15). അവനെപ്പോലെ നാമും ഇന്ന് ഈ ലോകത്തിലായിരിക്കുന്നു (1 യോഹ. 4:17). ഇവിടെ അവന്റെ സ്വരൂപത്തോട് അനുരൂപരായി ജീവിക്കുവാനും അതേഭാവമുള്ളവരായിരിക്കുവാനും അവന്റെ കാൽച്ചുവടുകൾ പിൻപറ്റുവാനും നമ്മെ മുൻ നിയമിച്ചിരിക്കുന്നു (റോമർ 8:29 ഫിലി : 2:5, പത്രോ 2:21). ഇതെല്ലാമാണു വസ്തുതയെങ്കിൽ ഇന്നു നാം അവൻ നടന്നതുപോലെ നടക്കേണ്ടതല്ലേ? നിർഭാഗ്യവശാൽ ഇന്നു സുവിശേഷവിഹിത സഭകളിൽ ബഹുഭൂരിപക്ഷം പേരും ഈ സത്യം കാണുകയോ എളിമയോടെ ഇതു സ്വീകരിക്കുകയോ ചെയ്യാതെ ഇതൊരു ദുരുപദേശമാണെന്ന് എഴുതിത്തള്ളി അവനവനു ബോധിച്ച മട്ടിൽ നടക്കുകയാണ്. എന്നാൽ ആദിമ സഭയിൽ യോഹന്നാൻ അപ്പൊസ്തലന് ഇത് എത്രയും വ്യക്തമായിരുന്നു – അവനെ അറിയുകയും സ്നേഹിക്കുകയും അവനിൽ വസിക്കുകയും ചെയ്യുന്നു എന്ന് അവകാശപ്പെടുന്നവർ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു.

**സഹോദരവർഗ്ഗത്തെ സ്നേഹിക്കുക**

നാലാമതായി യോഹന്നാൻ, സഹോദരനെ സ്നേഹിക്കുന്നതിനെക്കുറിച്ചു പറയുന്നു (2:9–11). നേരത്തെ പറഞ്ഞ മൂന്നു കാര്യങ്ങളും വ്യക്തിപരമായ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നുവെങ്കിൽ ഇവിടയിതാ ഒരു സംഘാത ജീവിതത്തെക്കുറിച്ചു (Collective life) പറയുന്നു. സഹോദരന്മാരുമായി ചേർന്നുള്ള ഒരു സഭാജീവിതത്തിലാണ് നാം ദൈവത്തെ അറിഞ്ഞെന്നും സ്നേഹിച്ചെന്നും അവനെപ്പോലെ നടക്കുന്നുവെന്നും കരുതിപ്പോന്നതൊക്കെ ശരിയോ എന്നു പരിശോധിക്കപ്പെടുന്നത്. യോഹന്നാൻ വളരെ മൂർച്ചയോടെ പറയുന്നു. 'നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നുവെന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സഹോദരനെ പകയ്ക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു (3:14–16) 'പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു (4:11,12) 'ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു.

താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. (4:20) നോക്കുക: ഒരു പ്രാദേശിക സഭയുടെ നാലതിരുകൾക്കുള്ളിലാണു ദൈവത്തെ സ്നേഹിക്കുന്നുവെന്ന നമ്മുടെ അവകാശവാദങ്ങളൊക്കെ തെളിയിക്കപ്പെടേണ്ടത്. സഭാ ജീവിതത്തെ അവഗണിക്കുന്നവർ, ക്രൂശിനെ ഒഴിവാക്കി സഭയെ ഒരു ക്ലബ്ബിലെ ഒത്തുചേരൽപോലെ ആക്കിത്തീർക്കുന്നവർ, ലോകത്തിലെ മത്സരങ്ങളും താരതമ്യങ്ങളും സഭയിലേക്ക് കൊണ്ടുവന്ന് അതിനെ പൊങ്ങച്ചത്തിന്റേയും പരസ്പരസ്പർദ്ധയുടേയും ഇടമാക്കിത്തീർക്കുന്നവർ ഇവരെല്ലാം തങ്ങൾ എന്താണു നഷ്ടമാക്കുന്നതെന്നു വാസ്തവത്തിൽ അറിയുന്നില്ല.

**ലോകത്തെ സ്നേഹിക്കരുത്**

ഇതുവരെ യോഹന്നാൻ പറഞ്ഞതെല്ലാം- അവനെ അറിയുക, സ്നേഹിക്കുക, അവനെപ്പോലെ നടക്കുക, സഹോദരനെ സ്നേഹിക്കുക- ധനാത്മകമായ (Positive) കാര്യങ്ങളായിരുന്നെങ്കിൽ ഒടുവിലായി ഇതാ ഒരു നിഷേധാത്മകമായ (Negative) കാര്യം പറയുന്നു:'ലോകത്തെയും ലോകത്തിനുള്ളതിനേയും സ്നേഹിക്കരുത്' (2:15). നമ്മുടെ ഹൃദയം ഒരു ചെറിയ ഇടമാണ്. എല്ലാ കാര്യങ്ങളും ഒന്നിച്ച് അവിടെ ഉൾക്കൊള്ളിക്കാനാവില്ല. പുതിയത് ചിലത് അതിൽ നിറയ്ക്കണമെങ്കിൽ പഴയതു ചിലതു പുറത്തുകളഞ്ഞേ മതിയാകൂ. ദൈവാലയത്തിന്റെ അറയിൽനിന്നു തോബിയാവിന്റെ സാധനങ്ങളൊക്കെ പുറത്തെടുത്ത് എറിഞ്ഞുകളഞ്ഞ നെഹമ്യാവിനെപ്പോലെ (നെഹമ്യ 13:8) ലോകത്തെയും ലോകത്തിന്റെ മൂല്യങ്ങളെയും ഹൃദയത്തിന്റെ അറയിൽനിന്നു പുറത്തുകളയാൻ കഴിയാത്ത ഒരാൾക്കും ദൈവത്തേയും സഭയേയും യഥാർത്ഥത്തിൽ സ്നേഹിക്കുവാനോ അവൻ നടന്നതുപോലെ നടക്കുവാനോ കഴിയുകയില്ല.

ദൈവമാണ് ആദ്യം നമ്മെ സ്നേഹിച്ചത്. ദൈവം സ്നേഹമായതിനാൽ തനിക്കു സ്നേഹിക്കാതിരിക്കാനാവുമായിരുന്നില്ല. തന്റെ പുത്രനെ തന്നതിലൂടെ നമ്മോടുള്ള ആ സ്നേഹം വെളിപ്പെടുത്തി. തന്നോടുള്ള നമ്മുടെ സ്നേഹക്കൂട്ടായ്മക്കു തടസ്സം വരാതിരിക്കുവാൻ നമ്മുടെ പാപങ്ങളെ അവിടുന്നു ക്ഷമിക്കുന്നു.

ഈ സ്നേഹത്തോടുള്ള പ്രതിസ്പന്ദനമെന്ന നിലയിൽ നാം അവനെ അറിയുകയും സ്നേഹിക്കുകയും വേണം. അവൻ നടന്നതുപോലെ നടക്കുകയും സഹോദരന്മാരെ സ്നേഹിക്കുകയും ചെയ്യണം. ഇതു പ്രായോഗികമായി നടപ്പാകണമെങ്കിൽ ലോകത്തോടും ലോകത്തിലുള്ളതിനോടുമുള്ള സ്നേഹം നാം പുറന്തള്ളണം.

ദൈവത്തിനു നമ്മോടുള്ള സ്നേഹവും നമുക്കു തിരിച്ചുള്ള സ്നേഹവും-സ്നേഹത്തിന്റെ ഈ രണ്ടു വശങ്ങളുമായിരുന്നു 'സ്നേഹത്തിന്റെ അപ്പോസ്തലനാ'യിരുന്ന യോഹന്നാന്റെ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരുന്നത്. തന്റെ എഴുത്തിലും പ്രകടമായത് അതാണ്. അതുകൊണ്ടുതന്നെ പ്രാരംഭത്തിൽ പറഞ്ഞ കഥയിൽ നാം കണ്ടതു പോലെ യോഹന്നാന് 'സ്നേഹം, സ്നേഹം' എന്നല്ലാതെ മറ്റെന്താണു പറയാനാവുക?

❖

# ബൈബിളിലൂടെ........

24-ാം പേജിൽ നിന്നു തുടർച്ച

ങ്ങളും ഉണ്ടായിരുന്നു. പൗലൊസ് ആ കാര്യം അവനെ ഓർമ്മിപ്പിക്കുന്നു. ''എന്റെ കൈവയ്പിനാൽ നിനക്കു ലഭിച്ച കൃപാവരം ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ ഓർമ്മിപ്പിക്കുന്നു.'' പരിശുദ്ധാത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല. ആ കൃപാവരത്തെ ജ്വലിപ്പിച്ച് എപ്പോഴും പുതുമയോടെ നിലനിർത്തേണമെന്നാണ് പൗലൊസ് ആവശ്യപ്പെടുന്നത്. ഇതിൽ നിന്നും നാം പഠിക്കുന്ന കാര്യങ്ങൾ ഇതാണ്. യേശു നമ്മെ ആത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തി എങ്കിലും നാം നിരന്തരം ചില കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കണം. ദൈവം അഗ്നി തെളിച്ചു. നാം നിരന്തരം ദൈവഹിതത്തിനു നമ്മെ തന്നെ സമർപ്പിച്ചുകൊണ്ട് ആ അഗ്നിയെ ജ്വലിപ്പിക്കുന്നതിനുള്ള ഇന്ധനം പകർന്നുകൊണ്ടിരിക്കണം. ദൈവം ഒരിക്കൽ നിങ്ങളെ അഭിഷേകം ചെയ്തതുകൊണ്ട് ഇപ്പോൾ അലസമായിരുന്ന് ഇങ്ങനെ പറയരുത് ''ഒരിക്കൽ അഭിഷേകം ലഭിച്ചാൽ അത് എന്നേയ്ക്കും ഉള്ളതാണ്'' ഇത് ''ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കുമായി രക്ഷിക്കപ്പെട്ടു'' എന്നു പറയുന്നതു പോലെ തെറ്റായ ഒരു കാര്യമാണ്.

ഒരിക്കൽ യഥാർത്ഥമായി അഭിഷേകം ലഭിച്ചവർ ഒരു വർഷത്തിനു ശേഷം ആത്മീയ മരണം പ്രാപിച്ചതായി ഞാൻ കണ്ടിട്ടുണ്ട്. അഗ്നികെട്ടുപോയി. ലോകമോഹവും നിഗളവും അവരുടെ അഗ്നിയെ കെടുത്തികളഞ്ഞു. അവർ പണത്തിനും സുഖഭോഗങ്ങളുടേയും പിന്നാലെ പോകുന്നതിനാൽ ദൈവത്തിനായുള്ള അഗ്നിയെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇത് സങ്കടകരവും ദൈവരാജ്യത്തിന് വലിയ നഷ്ടവുമാണ്.

അതിനാൽ പൗലൊസ് തിമൊഥെയോസിനോട് പറയുന്നു. '' നിന്റെ മേലുള്ള അഗ്നി കെടാതെ നീ ജ്വലിപ്പിച്ചു കൊണ്ടിരിക്കണം. ഇപ്പോൾ അതു നിന്റെ ഉത്തരവാദിത്വമാണ്. നീ അത് ചെയ്തില്ലെങ്കിൽ ഈ അഗ്നി കെട്ടുപോകും. നല്ല മനസ്സാക്ഷിയാലും ദൈവവചനപഠനത്തിലൂടെയും താഴ്മയിലൂടെയും ദൈവഹിതം പൂർണ്ണഹൃദയത്തോടെ അന്വേഷിച്ചും നീ ഈ അഗ്നിയെ ജ്വലിപ്പിക്കണം. പണസ്നേഹം, മറ്റുള്ളവരോടുള്ള തർക്കം എന്നിങ്ങനെ ഈ അഗ്നിയെ കെടുത്തുന്ന എല്ലാറ്റിൽ നിന്നും വിട്ടു നിൽക്കയും വേണം.''

പൗലൊസ് പിന്നീട് ഇങ്ങനെ പറയുന്നു. ''ദൈവം ഭീരുത്വത്തിന്റെ ആത്മാവിനെയല്ല നമുക്ക് നൽകിയിട്ടുള്ളത്'' (1:7). പൗലൊസ് സ്വഭാവികമായി തന്നെ തീവ്ര നിലപാടുള്ളവനായിരുന്നു. എന്നാൽ ബർണബാസും തിമൊഥെയോസും അല്പം ഭീരുത്വമുള്ളവരായിരുന്നു. ദൈവം തീവ്ര നിലപാടുള്ളവരേയും അല്പം ഭയത്തോടെ എല്ലാറ്റിനേയും കാണുന്നവരേയും ഒരുമിച്ച് തന്റെ ശുശ്രൂഷയിലാക്കുന്നു. കാരണം അവർ പരസ്പരം ചേരുമ്പോൾ രണ്ടു കൂട്ടരും സന്തുലിതാവസ്ഥയിൽ എത്തുന്നു. സഭാ നേതൃത്വത്തിലും ഇത്തരം ഒരു കൂട്ടുകെട്ടാണുണ്ടാകേണ്ടത്.

(തുടരും)
മൊഴിമാറ്റം:**സാജു ജോസഫ്**

## Thought for the month

# The Spirit of Coziness

***Santosh Poonen***

In Mark Chapter 14 we read about an incident toward the end of Jesus' life. The disciples had been committed members of Jesus' "church" for over three years. Together, they all showed their commitment with a communion meal, and finished by singing a hymn (v22-26). It must have been a very emotional meeting. In fact, they were all so stirred in their souls that they boldly stated that they would stick together with Jesus even through death (v31). This sounds like the ideal church fellowship – they had commitment, communion, and even what seemed like self-denying love! These are all things that we emphasize in the church even today.

But, Jesus, who was the only really spiritually-minded person there, was troubled in His soul. So He went away privately to pray (v34). What happened next was the greatest spiritual battle ever. It was so intense that blood oozed out of Jesus' body like sweat, and an angel had to come from heaven to strengthen Him (Luke 22:43-44).

Meanwhile, close by, these "committed" disciples who had been asked by Jesus to pray with Him, had fallen asleep. Jesus returned after an hour of praying and woke them up, and again asked them to watch and pray while He continued His spiritual battle. But, they fall asleep again! Jesus returned a second time to find them sleeping, and this time they were embarrassed (v40). But, even their embarrassment didn't help them overcome their sleepiness. When Jesus returned a third time, He found them still asleep!

Immediately after that, Jesus was captured, and His disciples ran away in a panic (v50). Despite thinking that they were committed to Jesus, and despite so many warnings from Him, such a strong spirit of coziness had come over the disciples, that they were unaware of the great spiritual warfare going on around them, and ended up abandoning Jesus.

Many today are lulled into being ineffective in spiritual warfare in the same way. The spirit of coziness is still one of Satan's most effective weapons. It is like Carbon Monoxide, which is a colorless, odorless, and tasteless gas, but is lethal. The only way to identify this dangerous gas is with a Carbon Monoxide Detector. Similarly, Jesus has given us a "Spiritual Coziness Detector" – to watch and pray so that we do not enter into temptation (v38).

What things should we watch for, then, which would generate a spirit of coziness?:

- Things which please the body – the love of money, the constant desire for physical comfort, gluttony for rich food, the lust for expensive gadgets, etc., instead of seeking God's Kingdom first.
- Things which please the soul –a love for movies, television programs, sports, music, business, etc., more than God's Word and the work of building His Church.

And what should we pray for, to avoid the spirit of coziness?:

- That we never assume that we are spiritual just because we are in a spiritually-minded church.
- That our *inner* devotion to God is always greater than what is visible outwardly.

Let us watch and pray in this way. Then we will prove that we are truly committed to Jesus, and will be effective in our spiritual warfare against Satan.

**JEEVA MOZHIKAL** RNI/KERBIL/-2003/21404
January 2017 www.jeevamozhikal.org
Annual Subscription Rs. 100/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-10-2016

## 'ആ ഇഷ്ടികയിൽ നിന്ന് ഈ പുസ്തകം'

**വി**ല്യം ബൂത്തിനോടൊപ്പം സഹകരിച്ചു പ്രവർത്തിച്ചിരുന്ന സാമുവൽ ലോഗൻ ബ്രങ്കിളിന്റെ വിശുദ്ധിയിലേക്കുള്ള സഹായം (Helps to Holiness) എന്ന പ്രസിദ്ധമായ പുസ്തകത്തിന്റെ വിവർത്തനം ജീവമൊഴിയിൽ തുടർച്ചയായി കൊടുക്കുന്നുണ്ടല്ലോ.

ഈ പുസ്തകം എഴുതാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഒരു കഥയുണ്ട്. ഒരിക്കൽ സാമുവൽ ലോഗൻ ബ്രങ്കിൾ പട്ടണത്തിലെ ഒരു തെരുവിലൂടെ നടന്നുപോകുകയായിരുന്നു. മദ്യപനായ ഒരുവൻ പെട്ടെന്നു ക്രുദ്ധനായി ഒരു ഇഷ്ടികയെടുത്ത് അദ്ദേഹത്തിന്റെ നേരെ എറിഞ്ഞു. ഏറുകൊണ്ട ബ്രങ്കിളിനു ഗുരുതരമായി പരിക്കേറ്റു. അദ്ദേഹം കിടക്കയിലായി. ഒന്നരവർഷത്തോളം അദ്ദേഹത്തിനു യാത്ര ചെയ്യാനോ പ്രസംഗപരിപാടികൾക്കു പോകുവാനോ കഴിയാതെയായി. ഈ സമയത്താണ് അദ്ദേഹം ലളിതമായ ഭാഷയിൽ ആത്മീയസത്യങ്ങൾ പ്രതിപാദിക്കുന്ന വിശുദ്ധജീവിതം സംബന്ധിച്ച പുസ്തകം എഴുതിയത്. ഇതു പിന്നീട് അനേകർക്ക് അനുഗ്രഹമായിതീർന്നു. അത് ഏറ്റവും കൂടുതൽ വില്പനയുള്ള ഒരു പുസ്തകമായി അനേകം ഭാഷകളിലേക്കു മൊഴിമാറ്റം ചെയ്യപ്പെട്ടു. ബ്രങ്കിളിന്റെ ഭാര്യ പലപ്പോഴും ഇങ്ങനെ പറയുമായിരുന്നു- "ആ ഇഷ്ടിക ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകം ഉണ്ടാകുമായിരുന്നില്ല."

മദ്യപൻ എറിഞ്ഞ ആ ഇഷ്ടിക ബ്രങ്കിളിന്റെ വീടിന്റെ ഭിത്തിയുടെ മുകളിലായി വച്ചിട്ടുണ്ട്. അതിൽ ഒരു വചനവും എഴുതി വച്ചിട്ടുണ്ട്.- "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു, ദൈവമോ അതു ഗുണമാക്കിത്തീർത്തു" (ഉൽപത്തി 50:20).

യോസേഫ്, പിതാവ് യാക്കോബിന്റെ ശവസംസ്കാരത്തിനു ശേഷം തന്റെ പിന്നിട്ട ജീവിതത്തെനോക്കി തന്റെ സഹോദരന്മാരോട് പറയുന്ന വചനമാണിത്. അവർ അവനെതിരെ ദോഷം വിചാരിച്ചു യോസേഫിനെ യിശ്മായേല്യ കച്ചവടക്കാർക്കു വിറ്റുകളഞ്ഞു. പക്ഷേ അതു മൂലം പിന്നീട് അവൻ മിസ്രയേമിൽ മന്ത്രിയായി. സഹോദരന്മാരുടെ പ്രവൃത്തി ദൈവം യോസഫിനും അവനു ദോഷം ചെയ്ത സഹോദരന്മാർക്കും പിന്നത്തേതിൽ നന്മയാക്കി തീർത്തല്ലോ. ഇന്നു നമ്മോടും അവിടുന്ന് ഇങ്ങനെ തന്നെയാണു പ്രവർത്തിക്കുന്നത്.

*"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു"* (റോമർ 8:28).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.